# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

കൈത്താ ലക്കം 2013



സ്വർഗ്ഗാരോപണത്തിരുനാളിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്


സീറോ മലബാർ സഭയുടെ പ്രഥമ മല്പാനായി ഉയർത്തപ്പെട്ട
പെരിയ ബഹുമാനപ്പെട്ട മാത്യു വെള്ളാനിക്കലച്ചന്
പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!!! അനുമോദനങ്ങൾ!!!




പെരിയ ബഹു. മാത്യു വെള്ളാനിക്കലച്ചൻ സീറോ മലബാർ സഭാതലവൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയിൽനിന്നും മല്പാൻസ്ഥാനം നല്കിക്കൊണ്ടുള്ള പ്രഖ്യാപനപത്രിക ഏറ്റുവാങ്ങുന്നു.

മല്പാൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം ഗുരു എന്നാണ്. വിദ്യയിൽ സമുന്നതനില പ്രാപിച്ചവൻ എന്നും അർത്ഥമുണ്ട്. പാണ്ഡിത്യമുള്ളവനും വിജ്ഞാനം നല്കുന്നവനും ജീവിതവിശുദ്ധിയുള്ളവനുമാണ് മല്പാൻ. നമ്മുടെ ആരാധനക്രമത്തിൽ മല്പാൻ എന്ന പദം 'വേദപാരംഗതൻ' എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 31 കൈത്താ ലക്കം 2013


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സ്നേഹവും സ്വർഗ്ഗവും 03
- തീക്കനലിൽ തിളങ്ങുന്ന വിശ്വാസം 05
- വി. കുർബാന വളർച്ചയ്ക്കു നിദാനം 07
- സ്വാതന്ത്ര്യം യാഥാർത്ഥ്യമാകുമ്പോൾ 09
- തിരി തെളിഞ്ഞു.... 10
- പരി. ആത്മാവിന്റെ വീണ 12
- വിശുദ്ധിയുടെ മുത്തുകൾക്ക് 16
- Jesus Christ 18
- കനൽ ജ്വലിക്കുമ്പോൾ 19
- മലകൾ മാറുന്ന വിശ്വാസം 20
- അഞ്ജുവിന്റെ മാതാപിതാക്കൾക്ക് 22
- ഫലദായിനിയായ തിരുസ്സഭ 24
- ആകേണ്ടതുകളിലേക്ക് 26
- വിശ്വാസമെന്നാൽ ശ്വാസമോ 28
- സഭാസമൂഹത്തെ വളർത്താൻ ഞാനെന്തു ചെയ്യണം 29



## എഡിറ്റോറിയൽ

# സഭാകൂട്ടായ്മയിൽ വളരുക


*"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (നട 4,32).*

**അ**ജ്ഞരും ഭീരുക്കളും ഈശോയുടെ മരണത്താൽ ചിതറിക്കപ്പെട്ടവരും തങ്ങളുടെ പഴയ തൊഴിലിലേക്കു പിൻവാങ്ങിയവരുമൊക്കെയായ ശ്ലീഹന്മാർക്കുണ്ടായ പന്തക്കുസ്താനുഭവം ആദിമസഭയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും കാരണമായിത്തീർന്നു. തങ്ങൾ അനുഭവിച്ചറിഞ്ഞ, ജീവന്റെ വചനമായ മിശിഹായെക്കുറിച്ചുള്ള ശ്ലീഹന്മാരുടെ പ്രഘോഷണംവഴി അനേകർ മാമ്മോദീസാ സ്വീകരിച്ച് സഭയുടെ അംഗങ്ങളായി മാറി. പരസ്പര ഐക്യത്തിന്റെയും പരസ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും ജീവിതമാണ് ആദിമസഭാംഗങ്ങൾ നയിച്ചിരുന്നത്.

തിരുസഭയുടെ വളർച്ച ധ്യാനവിഷയമാക്കുന്ന, ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തിലേക്ക് കടന്നിരിക്കുന്ന ഈ വേളയിൽ സഭയുടെ വളർച്ചയ്ക്ക്, സഭാംഗങ്ങളുടെ വളർച്ചയ്ക്ക്, നാമോരോരുത്തരും ചെയ്യേണ്ട കടമകളെക്കുറിച്ച് കൂടുതൽ അവബോധമുള്ളവരാകാം. ദൈവത്തിന്റെ സ്നേഹം ആഴത്തിൽ അനുഭവിച്ചറിയുന്നവന് അത് ജീവിതപ്രഘോഷണമാക്കി മാറ്റാതിരിക്കാനാവില്ല. ദൈവത്തെ സ്നേഹിക്കുന്നവന് സഹോദരങ്ങളെ സ്നേഹിക്കാതിരിക്കാനുമാവില്ല. പരസ്നേഹവും പങ്കുവയ്ക്കലുമൊക്കെ ആധുനികസമൂഹത്തിന് അപരിചിതമായ പാഴ്വാക്കുകളായി അന്യംനില്ക്കാതിരിക്കണമെങ്കിൽ നമ്മിലോരോരുത്തരിലും ദൈവസ്നേഹാഗ്നിയുടെ ഒരു നിരന്തര ജ്വലനമുണ്ടാകണം. തട്ടിപ്പുകളുടെയും വെട്ടിപ്പുകളുടെയും കപടതയുടെയും കള്ളത്തരങ്ങളുടെയും സ്വാർത്ഥതയുടെയും ദുർമോഹങ്ങളുടെയുമൊക്കെ മൂടുപടമണിഞ്ഞ സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടുമ്പോൾ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹനത്തിന്റെയും ക്ഷമയുടെയും വിട്ടുകൊടുക്കലിന്റെയുമൊക്കെ ജീവിക്കുന്ന മാതൃകകളായി സഭാമക്കൾ മാറണം. അതിനായി നമുക്കു യത്നിക്കാം. സഭയുടെ വളർച്ചയ്ക്ക് ചുടുനിണം ചൊരിഞ്ഞ രക്തസാക്ഷികളായ വിശുദ്ധാത്മാക്കളുടെ മാദ്ധ്യസ്ഥ്യം നന്മയുടെ പാതയിലൂടെയുള്ള യാത്രയിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ തരണംചെയ്യാൻ നമ്മെ സഹായിക്കട്ടെ.

**ചീഫ് എഡിറ്റർ**

**സെനക്കിൾ ആദ്ധ്യാത്മികത - 13**



# സ്നേഹവും സ്വർഗ്ഗവും

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

തന്റെ വേർപാടിൽ അസ്വസ്ഥരും ദുഃഖിതരുമായ ശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറയുന്ന വാക്കുകളിലൂടെ വലിയ ഒരു രഹസ്യമാണ് അവിടുന്ന് അവർക്കു വെളിപ്പെടുത്തിയത് - സ്നേഹവും ദൈവത്തിന്റെ സഹവാസവും തമ്മിലുള്ള ബന്ധം (യോഹ 14,15-24). ഈശോയോടുള്ള സ്നേഹം നമ്മിൽ ദൈവസാന്നിദ്ധ്യവും ദൈവികസഹവാസവും ഉളവാക്കും. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാന്നിദ്ധ്യവും സഹവാസവും നമ്മിലുണ്ടാകുന്നതിന്റെ ഫലമായി നമുക്ക് അവിടുത്തെ സമാധാനവും സന്തോഷവും അനുഭവിക്കുവാനും കഴിയും (യോഹ 14,25-31). ഈ അനുഭവത്തിന്റെ പൂർണ്ണതയാണ് സ്വർഗ്ഗം. ഈ സ്വർഗ്ഗാനുഭവം ആസ്വദിക്കുന്ന ഒരു ജീവിതമാണ് ക്രൈസ്തവജീവിതം.

### പരിശുദ്ധാത്മാവിന്റെ സഹവാസം

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരികയും ചെയ്യും" (യോഹ 14,15-16). 'സഹായകൻ' എന്ന് ഇവിടെ വിശേഷിപ്പിക്കപ്പെടുന്നത് പരിശുദ്ധാത്മാവാണ് എന്നു പിന്നീട് വ്യക്തമാക്കുന്നുണ്ട് (14,17). പരിശുദ്ധാത്മാവിന്റെ ഈ സാന്നിദ്ധ്യവും സഹവാസവും താൽക്കാലികമോ കടന്നുപോകുന്നതോ അല്ല; നിത്യമാണ്. അതുപോലെതന്നെ, അത് വെറും ബാഹ്യമായ ഒന്നല്ല; ആന്തരികമായതാണ്: "എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ ... നിങ്ങളിൽ ആയിരിക്കുകയും ചെയ്യും". പരിശുദ്ധാത്മാവിന്റെ ഈ സാന്നിദ്ധ്യവും സഹവാസവും ഈശോയിൽ വിശ്വസിക്കുന്നവരിലാണെന്ന് ഇവിടെ വ്യക്തമാക്കുന്നുണ്ട്: "ഈ സത്യാത്മാവിനെ സ്വീകരിക്കുവാൻ ലോകത്തിനു സാധിക്കുകയില്ല" (14,17). ഈ സഹവാസം നമുക്കു ലഭിക്കുന്നതിനുള്ള വ്യവസ്ഥ, നാം ഈശോയെ സ്നേഹിക്കണമെന്നുള്ളതാണ്. വെറും വൈകാരികസ്നേഹമല്ല, ഈശോയുടെ കല്പന പാലിക്കുന്നതിൽ പ്രാവർത്തികമാകുന്ന സ്നേഹമുള്ളവരിലാണ് ഈ സഹവാസം യാഥാർത്ഥ്യമാകുന്നത്.

### ഈശോയുടെ സഹവാസം

ഈശോ വീണ്ടും പറയുന്നു: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും" (യോഹ 14,18). പരിശുദ്ധാത്മാവിന്റെ സഹവാസത്തോടൊപ്പം ഈശോയും വന്ന് നമ്മിൽ വസിക്കുമെന്ന് അവിടുന്ന് ഉറപ്പുതരികയാണ്. ഇതും ഈശോയിൽ വിശ്വസിക്കുന്നവർക്കു മാത്രമാണെന്ന് വ്യക്തമാക്കുന്നുണ്ട്: "അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ, നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു; അതിനാൽ നിങ്ങളും ജീവിക്കും" (14,19).

തന്നിൽ വിശ്വസിക്കുന്നവരെ, തന്നെ സ്നേഹിക്കുന്നവരെ, തന്റെ സജീവമായ സാന്നിദ്ധ്യവും സഹവാസവും നല്കി ഈശോ അനുഗ്രഹിക്കുമെന്ന് ഇവിടെ വ്യക്തമാക്കുകയാണ്. ഇവിടെയും, തന്നെ സ്നേഹിക്കുകയും തന്റെ കല്പനകൾ പാലിക്കുകയും ചെയ്യുക എന്ന വ്യവസ്ഥയിലാണ് ഈ സഹവാസം വാഗ്ദാനം ചെയ്യുന്നത് (14,21).

**പിതാവിന്റെയും പുത്രന്റെയും സഹവാസം**

യൂദാസ് തദ്ദേവൂസിന്റെ ചോദ്യത്തിനു മറുപടിയായി ഈശോ പറയുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (14,23). ഇവിടെ പിതാവിന്റെയും പുത്രന്റെയും സഹവാസം വിശ്വാസികളിൽ ഉണ്ടാകുമെന്ന് ഈശോ ഉറപ്പുതരികയാണ്. ഇവിടെയും വ്യവസ്ഥ ഈശോയുടെ കല്പന അഥവാ വചനം പാലിക്കുകയെന്നതുതന്നെയാണ്. ചുരുക്കത്തിൽ ത്രിത്വൈകദൈവത്തിന്റെ സഹവാസമാണ് ഈശോയിൽ വിശ്വസിക്കുന്നവർക്ക്, അഥവാ ഈശോയുമായി സ്നേഹബന്ധം സ്ഥാപിക്കുന്നവർക്ക് ലഭ്യമാകുന്നത്. ഇവിടെ, 'വാസമുറപ്പിക്കും' എന്നാണ് പറഞ്ഞിരിക്കുന്നത്. അക്ഷരാർത്ഥത്തിൽ 'വാസസ്ഥലമുറപ്പിക്കും' എന്നാണർത്ഥം. 'വാസസ്ഥലം' എന്നതിന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഇതേ അദ്ധ്യായത്തിൽ, രണ്ടാം വാക്യത്തിൽ ദൈവപിതാവിന്റെ ഭവനത്തിലെ വാസസ്ഥലങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്ന വാക്കാണ്. അതുകൊണ്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സഹവാസം സ്വർഗ്ഗം തന്നെയാണ്. ഈശോയിൽ വിശ്വസിക്കുകയും ഈശോയെ സ്നേഹിക്കുകയും ഈശോയുടെ കല്പന പാലിക്കുകയും ചെയ്യുന്നവർക്ക് ഈ ഭൂമിയിൽത്തന്നെ സ്വർഗ്ഗം മുൻകൂട്ടി അനുഭവിക്കുവാൻ സാധിക്കുമെന്നാണ് ഈ ഭാഗം വ്യക്തമാക്കുന്നത്.

**സമാധാനവും സന്തോഷവും**

ഹൃദയം ദൈവത്തിന്റെ വാസസ്ഥലമായിക്കഴിയുമ്പോൾ, ഹൃദയത്തിൽ ത്രിയേകദൈവത്തിന്റെ സഹവാസം അനുഭവവേദ്യമാകുമ്പോൾ, ഹൃദയം സമാധാനവും സന്തോഷവും കൊണ്ടു നിറയും. ഈശോ പറയുന്നു: "ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കുന്നത്" (14,27). ലോകം നല്കുന്ന സമാധാനമൊന്നും ശാശ്വതമല്ല. ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ഹൃദയം, ദൈവൈക്യത്തിൽ മാത്രമേ ശാശ്വതസമാധാനം കണ്ടെത്തുകയുള്ളു. പിതാവിന്റെ പക്കലേക്കുള്ള ഈശോയുടെ കടന്നുപോകലിലൂടെ മാത്രമേ, മേല്പറഞ്ഞ ദൈവൈക്യവും സമാധാനവും ശിഷ്യർക്കു കരഗതമാകുകയുള്ളു. അതുകൊണ്ടാണ് താൻ പോകുന്നതിൽ ശിഷ്യർ സന്തോഷിക്കുമായിരുന്നു എന്ന് ഈശോ പറഞ്ഞത് (14,28). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ സാന്നിദ്ധ്യവും സഹവാസവും ഹൃദയത്തിൽ ഏറ്റുവാങ്ങുന്നവർക്ക് ദൈവത്തിന്റെ സമാധാനം അനുഭവിക്കാൻ കഴിയും. അത് അവരുടെ ഹൃദയത്തെ സന്തോഷംകൊണ്ട് നിറയ്ക്കുകയും ചെയ്യും.

**സ്നേഹത്തിന്റെ കല്പന**

ദൈവികസഹവാസവും അതിൽനിന്നുളവാകുന്ന സമാധാനവും സന്തോഷവും അനുഭവിക്കാൻ സാധിക്കുന്നത് ഈശോയെ സ്നേഹിക്കുന്നവർക്കും, ഈശോയുടെ കല്പന പാലിക്കുന്നവർക്കും മാത്രമാണ്. ഈശോയുടെ കല്പന സ്നേഹത്തിന്റെ കല്പനയാണ്: ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35). ഈശോയിലുള്ള വിശ്വാസത്തിൽ ഒന്നായി ഈശോയുടെ സ്നേഹം പരസ്പരം പങ്കുവയ്ക്കുന്ന സഭാകൂട്ടായ്മയിലാണ് ത്രിത്വസഹവാസവും സമാധാനവും സന്തോഷവും അനുഭവവേദ്യമാകുന്നത്. ഇപ്രകാരം സഭാജീവിതം നയിക്കുന്നവർക്ക് സ്വർഗ്ഗത്തിന്റെയും നിത്യജീവന്റെയും മുന്നാസ്വാദനം ലഭിക്കുകയും ചെയ്യും.

ആധുനികതയുടെ അതിപ്രസരത്താൽ സഹനത്തിന്റെ മാറ്റ് കുറഞ്ഞുവരുന്ന ഈ ലോകത്തിൽ പത്തരമാറ്റിന്റെ തിളക്കത്തോടെ, നിറപുഞ്ചിരിയോടെ, ആനന്ദത്തോടെ സഹനത്തെ ആവഹിച്ചെടുത്ത, താമരക്കുന്ന് ഇടവകയിലെ വാവോലിൽ കുടുംബത്തിൽ അപ്പച്ചൻകുട്ടി എന്ന ആന്റണി ഐസക്കിനെ കഴിഞ്ഞ രണ്ടുലക്കത്തിലൂടെ നാം അടുത്തറിയുകയായിരുന്നു. രോഗസൗഖ്യത്തെക്കാൾ സഹനസ്വീകരണം ലക്ഷ്യമാക്കി ദൈവം അനുവദിക്കുന്ന സഹനങ്ങളെ കുരിശോളം ഉയർത്തുന്നതിൽ 11 വർഷമായി സന്തോഷിക്കുന്ന, ഇൻഫ്രാ മെഡുല്ലറി കവർനോമ (Infra Medullary Covernoma) എന്ന രോഗത്തിന്റെ പിടിയിലമർന്നു കഴുത്തിന് കീഴ്പോട്ട് തളർന്ന് കട്ടിലിൽ കിടക്കുമ്പോഴും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിൽ സന്തോഷം കണ്ടെത്തുന്ന അപ്പച്ചൻകുട്ടി. സഹനത്തിന്റെ നെരിപ്പോടിലമർന്ന് മറ്റൊരു ജോബ് ആയി ദൈവത്തോടു ചേർന്നു നിൽക്കുന്നു, കൂടെ ദൈവം ചേർത്തുനൽകിയ തക്ക തുണയും മക്കളും....



# തീക്കനലിൽ തിളങ്ങുന്ന വിശ്വാസം

**മങ്ങാടൻ**

**എന്റെ ദൈവം പകൽ മേഘസ്തംഭമായ് ഇന്നും:** ഇസ്രായേൽ ജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും കാനാൻ ദേശത്തേക്ക് കരം പിടിച്ചു വഴിനടത്തിയ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ കർത്താവ് ഇന്നും പകൽ മേഘസ്തംഭമായ്, രാത്രി അഗ്നിസ്തംഭമായ് കൂടെ, അരികിലുണ്ട് എന്ന വലിയ അത്ഭുതത്തിന്റെ അനുഭവസാക്ഷ്യമാണ് അപ്പച്ചൻകുട്ടിക്കു പറയാനുള്ളത്. ശാരീരികമായി അതിവേദനയനുഭവിക്കുമ്പോൾ പലപ്പോഴും ഗത്സെമനി അനുഭവമാണ്. ഈശോ രക്തം



ഭാര്യ കുഞ്ഞുമോൾ, ട്രക്കിയോസ്റ്റമി ട്യൂബ് അടച്ചുപിടിച്ചുകൊണ്ട് അപ്പച്ചൻകുട്ടിയെ സംസാരിക്കാൻ സഹായിക്കുന്നു.

വിയർക്കുവോളം ഹൃദയവ്യഥയനുഭവിച്ച് പിതാവിന്റെ സന്നിധിയിൽ പ്രാർത്ഥനാനിരതനായപ്പോൾ ആശ്വാസത്തിന് ദൂതൻ കടന്നുവന്നതുപോലെ, വേദന അസഹനീയമാകുന്ന നിമിഷങ്ങളിൽ ദൈവദൂതരെപ്പോലെ വൈദികരും സിസ്റ്റേഴ്സും കടന്നുവരുന്നത് വലിയ ദൈവപരിപാലനയായി അപ്പച്ചൻകുട്ടി കാണുന്നു. ഒരിക്കൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് സന്ദർശനത്തിനെത്തിയതും സന്തോഷത്തോടെ ഓർമ്മിക്കുന്നു.

**പരി. അമ്മ എന്റെ സ്വന്തം:** വിശ്വാസത്തെ വെല്ലുവിളിക്കുന്ന വിഘടിതവിഭാഗങ്ങളുടെ സ്വാധീനം ഏറെയുണ്ട് എന്ന് അദ്ദേഹം പറയുന്നു. തിരുസ്സഭയെ, തിരുസ്സഭയുടെ കല്പനകളെ, മാതൃഭക്തിയെ ഒക്കെ ഒളിഞ്ഞും തെളിഞ്ഞും വിമർശിച്ചുകൊണ്ട്, പ്രാർത്ഥനക്കാരായി കടന്നുവരുന്നവർ... വി. ലൂക്കായുടെ സുവിശേഷം 1,51-ൽ പറയുന്നു: സകല തലമുറകളാലും ഭാഗ്യവതി എന്നു വിശേഷിക്കപ്പെടാൻ വരംലഭിച്ചവളാണ് പരി. അമ്മ. ഉൽപത്തി 3,15-ൽ പരി. അമ്മ വിശേഷിപ്പിക്കപ്പെടുക - പിശാചിന്റെ തല തകർക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവൾ എന്നാണ്. ലൂക്കാ 1,35-ൽ നന്മനിറഞ്ഞവളായി ദൈവം കണ്ടെത്തിയവൾ - പരി. കന്യകാമറിയം.

പരി. മറിയത്തെ അപമാനിക്കുന്ന സഭാവിരുദ്ധർ അടിച്ചേൽപ്പിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനപരമായി അർത്ഥരഹിതമാണ്, വചനവിരുദ്ധമാണ്. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രജ്ഞിയായ പരി. അമ്മയെ തള്ളിപ്പറയുവാൻ മക്കൾക്കാവുമോ? സഭയെക്കുറിച്ച് അബദ്ധ സിദ്ധാന്തങ്ങൾ ഇറക്കുന്നവർ തെറ്റ് എന്ന് ധരിച്ചിരിക്കുന്നവയെ അറിയാൻ ശ്രമിക്കുക അപ്പോൾ തെറ്റിയത് എവിടെ എന്ന് ഗ്രഹിക്കാനാവും.

**പ്രതീക്ഷയോടെ ജീവിക്കാം:** വിശ്വാസവർഷത്തിൽ, കിടക്കയിൽ കിടന്നുകൊണ്ട് അദ്ദേഹത്തിന് ലോകത്തോടു പറയാനുള്ളത്. പ്രതീക്ഷയോടെ ജീവിക്കുക. മറ്റുള്ളവർക്ക് പ്രതീക്ഷയാവുക. ജീവിതത്തിന്റെ ഓരോ നിമിഷാർദ്ധത്തിലും "എന്റെ ഇഷ്ടമല്ല, ദൈവഹിതം നിറവേറട്ടെ" എന്ന് മനസ്സിൽ മന്ത്രിച്ച് ദൈവഹിതം ജീവിതമാക്കുക. സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ളവയെ 'ദൈവകരങ്ങളിൽ നിന്ന് ഏറ്റുവാങ്ങുക. തമ്പുരാന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കുക...'

അഗ്രാഹ്യമായ ദൈവഹിതത്തിനുമുമ്പിൽ ജീവിതം കൊണ്ട് മറുപടി നൽകിയ അബ്രാഹവും, വഴിയുടെ ഓരത്തിരുന്നു നിലവിളിച്ച അന്ധനും പ്രഘോഷിച്ചത് വിശ്വാസമാണ്. സഹനത്തിന്റെ കാൽവരിനിറുകയിൽ സഹനത്തിന്റെ കാസ അതിന്റെ മട്ടുവരെ കുടിച്ചു തീർക്കുന്ന സഹനാത്മാക്കളെ നമുക്കു മറക്കാതിരിക്കാം. അവർക്കായ്, കുടുംബത്തിനായ് പ്രാർത്ഥനയുടെ ധൂപച്ചുരുളുകളുയർത്താം.



# പരിശുദ്ധ കുർബാന വളർച്ചയ്ക്കു നിദാനം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

**ഈ** ലോകത്തിൽ ജനനം, ആഹാരം എന്നീ രണ്ടു സംഗതികൊണ്ടാണ് നാം ജീവിക്കുന്നത്. ജനനം വഴി നാം അസ്തിത്വത്തിലേക്കു വരുന്നു. ഭക്ഷണം കഴിക്കുന്നതുവഴി ഈ അസ്തിത്വത്തിൽ നിലനില്ക്കുവാൻ നമുക്കു സാധിക്കുന്നു. ഭക്ഷണം ലഭിക്കാതെവന്നാൽ ജനിച്ച ശിശു നിശ്ചയമായും മരിക്കും. അപ്രകാരം തന്നെയാണ് പുതിയ ലോകത്തിലെ കാര്യവും. തിയഡോർ തന്റെ മതാധ്യാപക പ്രസംഗത്തിൽ (15:4) ഇപ്രകാരം പഠിപ്പിക്കുന്നു. അദ്ദേഹം തുടരുന്നു. ഈ ലോകത്തിൽ ഭക്ഷണവും പാനീയവും വഴിയാണു നാം ജീവിക്കുന്നത്. അതുകൊണ്ടാണു വാസ്തവത്തിൽ നമ്മുടെ കർത്താവു നമുക്ക് അപ്പവും പാനപാത്രവും നല്കിയത്. അവിടുന്ന് അപ്പത്തെ ശരീരമെന്നും പാനപാത്രത്തെ രക്തമെന്നും വിളിച്ചു (15:9).

പരിശുദ്ധ കുർബാന സഭാമക്കൾക്കുള്ള ആത്മീയ ഭക്ഷണവും പാനീയവുമായി കർത്താവു നല്കി. തന്റെ ശരീരമാകുന്ന സഭയിലേക്ക് ശിരസ്സായ മിശിഹായിൽനിന്നു ഒഴുകുന്ന ജീവരസ്സമാണ് പരിശുദ്ധ കുർബാന. ഇതിനാലാണ് സഭാഗാത്രം ശക്തി പ്രാപിക്കുന്നതും വളരുന്നതും. സഭാവളർച്ചയുടെ രഹസ്യത്തെ ധ്യാനവിഷയമാക്കുന്ന കൈത്താക്കാലത്ത് ഈ വളർച്ചയുടെ രഹസ്യം പരിശുദ്ധകുർബാനയിലാണ് എന്ന സത്യം തിരിച്ചറിയേണ്ടതുണ്ട്.

ഭക്ഷണമില്ലാതെ ജീവനുള്ളതൊന്നും വളരുകയില്ല. ശക്തി പ്രാപിക്കുകയുമില്ല. ഓരോ ജീവിക്കും വ്യത്യസ്തതലത്തിലുള്ള ഭക്ഷണമാണ് ആവശ്യമായിരിക്കുന്നത്. സസ്യജാലങ്ങളുടെ ഭക്ഷണമല്ല മത്സ്യങ്ങൾക്ക്. അതിൽനിന്നും വ്യത്യസ്തമായ ഭക്ഷണമാണ് മൃഗങ്ങൾക്കും മനുഷ്യനുമെല്ലാം. ആത്മാവും ശരീരവുമുള്ള മനുഷ്യന് ഇരുതലങ്ങളിലുള്ള ഭക്ഷണമില്ലാതെ ജീവിക്കാനോ വളരുവാനോ കഴിയില്ല. ശാരീരികഭക്ഷണത്തോടൊപ്പം പരിശുദ്ധ കുർബാനയെന്ന ആത്മീയ ഭക്ഷണത്താലാണ് മനു

ഷ്യൻ ജീവൻ നിലനിർത്തുന്നത്. കുർബാന ഭക്ഷണമാണ്. ഈശോ കുർബാന സ്ഥാപിച്ചു കൊണ്ടു പറയുന്നത് എടുത്തു ഭക്ഷിക്കുക, പാനം ചെയ്യുക എന്നാണ്.

ദൈവികശ്രീകോവിലിൽ എന്നേക്കുമായി പ്രവേശിച്ച് നിത്യരക്ഷ സാധ്യമാക്കാൻ സ്വന്തരക്തം നിത്യാത്മാവു മൂലം കളങ്കമില്ലാതെ ദൈവത്തിനു സമർപ്പിച്ച ഈശോയുടെ ബലിയാണ് (ഹെബ്രാ. 9:9-14) പരിശുദ്ധ കുർബാന. നിത്യരക്ഷ നല്കുന്ന ഈ ദിവ്യകൂദാശയെക്കാൾ സഭാവളർച്ചയ്ക്ക് നിദാനമായി മറ്റൊന്നില്ല.

പരിശുദ്ധ കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ് എന്ന് വത്തിക്കാൻ കൗൺസിൽ (SC 47) പഠിപ്പിക്കുന്നു. സ്നേഹത്തിൽ അടിസ്ഥാനമിട്ട, ഐക്യത്തിൽ വളരുന്ന സഭാഗാത്രം ഉപവിയുടെ ഫലം പുറപ്പെടുവിക്കുന്നതിലേക്ക് എത്തിച്ചേരണം. പരിശുദ്ധ കുർബാന ഇതിനുള്ള കാരണവും ശക്തിയും മാർഗ്ഗവുമാണ്. വിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ഉറവിടവും പാരമ്യവുമാണ് (LG 10) എന്ന് കൗൺസിൽ പഠിപ്പിക്കുമ്പോൾ ഇതുതന്നെ അർത്ഥമാക്കുന്നുണ്ട്.

പ്രവേശക കൂദാശകളിൽ ഏറ്റം അവസാനത്തേതായ പരി. കുർബാനയാണ് അവയുടെ പൂർണ്ണത. സഭയുടെ അനന്യ പൂർണ്ണതയും സഭാഗാത്രത്തിലുള്ള പൂർണ്ണവളർച്ചയും പരിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തത്തിലാണ്. പരിശുദ്ധ കുർബാനയുടെ തുടർന്നുള്ള ആഘോഷത്തിലൂടെയാണ് ഒരു വിശ്വാസി വളർന്നുകൊണ്ടിരിക്കുക.

വളർച്ച ഉറപ്പുവരുത്തുവാൻ ശാക്തീകരണത്തോടൊപ്പം രോഗനിവാരണവും ആവശ്യമാണ്. ആത്മീയരോഗമായ പാപത്തിൽനിന്നുള്ള സുനിശ്ചിതമോചനമാർഗ്ഗവുമാണ് പരിശുദ്ധ കുർബാന. പാപമോചനത്തിനായി വിഭജിതമാകുന്ന മിശിഹായുടെ ശരീരത്തിന്റെയും ചിന്തപ്പെടുന്ന അവിടുത്തെ രക്തത്തിന്റെയും കൂദാശയാണ് പരിശുദ്ധ കുർബാന. കുർബാനയിലെ സ്ഥാപനവചസ്സുകളും മറ്റു പ്രാർത്ഥനകളും അതു വ്യക്തമാക്കുന്നുണ്ട്. പാപമാകുന്ന ആത്മീയരോഗത്തിനുള്ള സിദ്ധൗഷധമാണ് പരിശുദ്ധകുർബാനയെന്ന് സഭാപിതാക്കന്മാരുടെ എഴുത്തുകളിൽ നാം കാണുന്നു.

**ആരാധനക്രമവത്സരം**

*ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. 9 ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം.* ▶▶

# സ്വാതന്ത്ര്യം യാഥാർത്ഥ്യമാകുമ്പോൾ



**പ്രിൻസി മൈലാടിയിൽ**

സ്വർഗ്ഗരാജ്ഞിയായ പരി. അമ്മയുടെ തിരുനാളും ഭാരതാംബികയുടെ 66-ാം സ്വാതന്ത്ര്യദിനവും സമഞ്ജസമായി സമ്മേളിക്കുന്ന പുണ്യമാസം-ആഗസ്റ്റ്.

സ്നേഹമുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്. യഥാർത്ഥ സ്നേഹത്തിന് വീഥിയൊരുക്കുന്നത് സ്വാതന്ത്ര്യമാണ്. “പാപം ചെയ്യുന്നവൻ പാപത്തിന് അടിമയാണ്”. പാപം - സ്നേഹമില്ലായ്മ - അടിമത്തമാണ്. അടിമ ഹൃദയത്തിലും പ്രവർത്തനങ്ങളിലും മുക്തൻ - അസ്വാതന്ത്ര്യം അനുഭവിക്കുന്നവൻ ആണ്. പരി. അമ്മ ഉത്ഭവപാപത്തിൽ നിന്നുപോലും സ്വതന്ത്രയായിരുന്നു. “ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽ നിന്നും സ്വതന്ത്രയാക്കി സൂക്ഷിക്കപ്പെട്ടിരുന്ന നിർമലകന്യക അവളുടെ ഇഹലോകവാസത്തിന്റെ പരിസമാപ്തിയിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്ത്വത്തിലേക്ക് എടുക്കപ്പെട്ടു. കർത്താവ് അവളെ എല്ലാറ്റിന്റെയും രാജ്ഞിയായി ഉയർത്തി. ഇത് കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെയും കീഴടക്കിയവനുമായ തന്റെ പുത്രനോട് അവൾ കൂടുതലായി അനുരൂപപ്പെടാൻ വേണ്ടിയായിരുന്നു” (CCC No.966).

“ഇതാ, കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ” എന്നു മാലാഖയോടു പ്രത്യുത്തരിച്ച നിമിഷം മുതൽ സ്വർഗ്ഗാരോപണ നിമിഷം വരെയും അവൾ യഥാർത്ഥ ആത്മീയസ്വാതന്ത്ര്യം അനുഭവിച്ച വ്യക്തിയാണ്. “എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും” (യോഹ 8,31).


ദൈവവചനത്തിൽ അടിയുറച്ച് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ച പരി. അമ്മയെപ്പോലെ പുത്രനായ ഈശോയോട് അനുരൂപപ്പെട്ട് ഈ വിശ്വാസ വർഷത്തിൽ യഥാർത്ഥ സ്വാതന്ത്ര്യാന്വേഷികളായി നമുക്കു മാറാം... ജീവിക്കാം..

# തിരി തെളിഞ്ഞു....




*ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ പിതാവിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം അഭി. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു*

കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം 20-ാം നൂറ്റാണ്ടിന്റെ മഹാത്ഭുതമായ രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളെ മുറുകെ പിടിച്ചുകൊണ്ട്, എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന സന്ദേശം ജീവിതം കൊണ്ടും പ്രഘോഷണം കൊണ്ടും ലോകത്തോട് ഉച്ചത്തിൽ ഉദ്ഘോഷിച്ച വിശുദ്ധിയുടെ പ്രവാചകനാണ് വില്യം ജക്വീന്താ. 1914 ഇറ്റലിയിലെ സിസിലിയിലാണ് അദ്ദേഹം ജനിച്ചത്. 1939 മാർച്ചിൽ വൈദികനായും 1968 ൽ തീവൊളി രൂപതയുടെ മെത്രാനായും അദ്ദേഹം നിയമിതനായി. പ്രശസ്തനായ ധ്യാനഗുരുവും, ആദ്ധ്യാത്മികോപദേഷ്ടാവും, നലം തികഞ്ഞ അദ്ധ്യാപകനുമായിരുന്നു അദ്ദേഹം. താൻ കണ്ടുമുട്ടിയവർക്കെല്ലാം, ഏതെങ്കിലും വിധത്തിൽ വിശുദ്ധിയുടെ മധുരം പകർന്നുകൊടുത്തു. കുമ്പസാരക്കൂട്ടിലൂടെ ആത്മാക്കളെ കർത്താവിനുവേണ്ടി നേടാനായി മണിക്കൂറുകൾ അദ്ദേഹം ചെലവഴിച്ചിരുന്നു. അദ്ദേഹം ജീവിതത്തിൽ സ്വീകരിച്ച "എല്ലാവരും വിശുദ്ധർ, എല്ലാവരും സഹോദരർ" എന്ന സുവിശേഷാത്മക സന്ദേശം ലോകം മുഴുവൻ പ്രഘോഷിക്കുവാൻ "വിശുദ്ധിക്കുവേണ്ടിയുള്ള പ്രസ്ഥാന" (PRO-SANCTITY MOVEMENT) ത്തിന് അദ്ദേഹം രൂപം നല്കി. അതോടൊപ്പംതന്നെ 1950-ൽ സമർപ്പിതരായ സ്ത്രീകൾക്കായി "അപ്പസ്തോലിക് ഒബ്ളേറ്റ്സ്" എന്ന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടും 1963-ൽ ഇടവകവൈദികർക്കായുള്ള "അപ്പസ്തോലിക് സൊദാലെസ്" എന്ന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടും, 1968-ൽ അല്മായ സഹോദരങ്ങൾക്കായി "സോഷ്യൽ ഫ്രട്ടേണിറ്റി" എന്ന പ്രസ്ഥാനവും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഏതു ജീവിതാന്തസ്സിലായാലും ക്രൈസ്തവ വിശ്വാസികളെല്ലാം ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും സ്നേഹത്തിന്റെ തികവിലേക്കും വിളിക്കപ്പെട്ടിരി



ക്കുന്നു എന്ന രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളെ സാക്ഷാത്കരിക്കാനായി ഇതിലൂടെ അദ്ദേഹം പരിശ്രമിക്കുകയായിരുന്നു.

പരമാവധി സ്നേഹത്തിലൂടെ വിശുദ്ധിയെ പ്രാപിക്കുക എന്നതായിരുന്നു ഈ ധന്യപിതാവിന്റെ കാരിസത്തിന്റെ കാതൽ. തിരുസ്സഭയുടെ എല്ലാ നിർദ്ദേശങ്ങളോടും അഗാധമായ വിശ്വസ്തത പുലർത്തുകയും, സഭാധികാരികളോട് ആഴമേറിയ വിധേയത്വമുള്ളവനായിരിക്കുകയും ചെയ്ത അദ്ദേഹം തിരുസ്സഭയെ തന്റെ അമ്മയായി കണ്ട് സ്നേഹിക്കുകയും അവൾക്കുവേണ്ടി ജീവിക്കുകയും ചെയ്തു.

ശുഭാപ്തിവിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും കണ്ണുകളിലൂടെ ഈ ലോകത്തെ നോക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. എല്ലാ മനുഷ്യരിലും നന്മയുണ്ടെന്നു വിശ്വസിച്ചുകൊണ്ട്, അതിനെ ഊതിത്തെളിയിച്ച് അവരെ മനസ്സാക്ഷിയുടെ സ്വരത്തിന് കാതോർക്കാനായി പഠിപ്പിച്ച ആ വിശുദ്ധാത്മാവ് 1994 ജൂൺ 15-ന് ഈ ലോകത്തോട് യാത്ര പറഞ്ഞു.

2013-14 ബിഷപ് വില്യം ജക്വീന്തായുടെ ജന്മശതാബ്ദി വർഷമാണ്. പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ സാന്നിദ്ധ്യമുള്ള ഇറ്റലി, അമേരിക്ക, മാൾട്ട, ബെൽജിയം, നെതർലൻഡ്, ലാറ്റ്വിയാ, ഇൻഡ്യ എന്നീ രാജ്യങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ജന്മശതാബ്ദി വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. ഇൻഡ്യയിൽ അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2013 ജൂൺ 29-ന് മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പൗവത്തിൽ മെത്രാപ്പോലീത്താ ശതാബ്ദി തിരി തെളിച്ച് നിർവ്വഹിച്ചു. നവസുവിശേഷവൽക്കരണത്തിലൂടെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കേണ്ടതിന്റെ ആവശ്യകതയും ഈ നവീന കാലഘട്ടത്തിൽ വിശുദ്ധിയുടെ പ്രസക്തിയും ജീവിതസാക്ഷ്യത്തിന്റെ അനിവാര്യതയും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രസ്തുത യോഗത്തിൽ ബിഷപ് വില്യം ജക്വീന്താപിതാവിനെ അനുസ്മരിച്ചുകൊണ്ടുള്ള ആശംസകളും, മറ്റു പരിപാടികളും സമ്മേളനത്തെ ഏറെ ഹൃദ്യമാക്കി. തുടർന്നു നടത്തപ്പെട്ട വി. കുർബാനയാഘോഷവും സ്നേഹവിരുന്നും കൂട്ടായ്മയ്ക്ക് മാറ്റു കൂട്ടുന്നതായിരുന്നു.

പ്രതീക്ഷയുടെ പൂമൊട്ടുകളുടെ സ്ഥാപക സ്രോതസ്സായ പിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ പ്രോസാങ്ടിറ്റി കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**കൈത്താക്കാലം**

''കൈത്താ'' എന്ന സുറിയാനിവാക്കിന്റെ അർത്ഥം വേനൽ എന്നാണ്. വേനൽക്കാലത്താണല്ലോ സസ്യവൃക്ഷാദികൾ ഫലം നല്കുന്നത്. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളായ സഭാപിതാക്കന്മാരുടെയും മറ്റു രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനവും മിശിഹാസാക്ഷ്യവും വഴിയായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് സഭ പടർന്ന് വ്യാപിക്കുകയും പന്തലിച്ചു വളർന്ന് യഥാർത്ഥ ഫലങ്ങളായ അനേകം വിശ്വാസികളെ ലോകത്തിനു പ്രദാനം ചെയ്യുകയും ചെയ്തു. സഭയിലുണ്ടായ ഈ വളർച്ചയുടെ രഹസ്യത്തെ പ്രത്യേകമായി ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നതുകൊണ്ടാണ് ഇതിനെ കൈത്താക്കാലം (ഫലാഗമകാലം) എന്നു വിളിക്കുന്നത്.

### ദൈവദാസൻ വില്യം ജകഫീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകഫീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**


**Apostolic Oblates**
Spirituality Centre
Manganam P.O., Kottayam - 686 018
Tel. 0481-2578192
apo.oblatesindia@gmail.com
http://apostolicoblatesindia.in


## Spirituality Centre Programme

**July**

| | | |
|---|---|---|
| 16 | - | Convention for Priests |
| 17-18 | - | Cenacle Meeting |
| 21-22 | - | School of Bible |

**August**

| | | |
|---|---|---|
| 6 | - | Seminar for Childrens |
| 10 | - | Social Animators' Meeting |
| 13-14 | - | Cenacle Aspirants Meeting |
| 17-18 | - | School of Bible |
| 20-21 | - | Cenacle Meeting |

### കൈത്താക്കാലം

രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടു വളർന്ന സഭ, തീയിൽ കുരുത്തതാണ്. അത് വെയിലത്ത് വാടുകയില്ലെന്ന് ഇന്നുവരെയുള്ള ചരിത്രം തെളിയിക്കുന്നു.സഭയുടെ തുടർന്നുള്ള വളർച്ച നമ്മിലോരോരുത്തരിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്. നാം വിശ്വാസത്തിലും വിശുദ്ധിയിലും വളരുമ്പോൾ സഭ വളരുന്നു. അതിന് ശ്ലീഹന്മാരുടെ ത്യാഗമനോഭാവവും രക്തസാക്ഷികളുടെ ധീരതയും നാം കൈവരിക്കേണ്ടിയിരിക്കുന്നു. ▶▶

വിശുദ്ധരോടൊപ്പം



# പരിശുദ്ധാത്മാവിന്റെ വീണ

## വി. അപ്രേം

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

അധികാരവും ആദരവും പുകഴ്ചയും ബഹുമാനവും അരനാഴികപോലും ആഗ്രഹിക്കാത്ത അപ്രേം പിതാവേ...

ഇവിടെ ദൈവത്തിന്റെ സ്വന്തം നാട് അധികാരത്തിനുവേണ്ടിയുള്ള വടംവലിയിൽ മുങ്ങിച്ചാകാറായി...

സ്ഥാനമാനങ്ങൾക്കുവേണ്ടി കാട്ടിക്കൂട്ടുന്ന പരാക്രമങ്ങൾ ...

പിറന്നുവീഴുന്ന കുഞ്ഞുപോലും കാണാനിഷ്ടപ്പെടാത്ത കുത്സിതപ്രവൃത്തികൾ...

പത്രം കൈയിലെടുക്കാൻപോലും അറപ്പായി... അത്രയും നീചമായ, നിന്ദ്യമായ അതിക്രൂരമായ പ്രവൃത്തികളാണ് ഈ നാട്ടിൽ സംഹാരതാണ്ഡവമാടുന്നത്...

അപ്പനും അമ്മയ്ക്കും മക്കൾക്കും ഒരുമിച്ചിരുന്ന് ടി.വിയിലെ വാർത്തപോലും കാണാൻ പറ്റാതായി... അപ്രതീക്ഷിതമായ ദൃശ്യങ്ങൾ കണ്ട് സ്തംഭനാവസ്ഥയിലാണ് ഞങ്ങൾ...

കൊച്ചുകുഞ്ഞുങ്ങൾ ചോദിക്കുന്ന സംശയങ്ങൾക്ക് ഞങ്ങൾ എങ്ങനെയാണ് ഉത്തരം പറയുക...???

ഈ നാളുകളിൽ ഈ നാടിന്റെ അവസ്ഥ കണ്ട് ജീവശവമായിരിക്കയാണ് ഞങ്ങൾ...

സനാതനമൂല്യങ്ങളൊക്കെ ചവിട്ടിത്താഴ്ത്തി അഴിമതിയുടെ അധികാരതാണ്ഡവമാടുകയാണ് നേതാക്കന്മാരൊക്കെ...

ജനങ്ങളുടെ കഷ്ടപ്പാടും കണ്ണീരും കാലവർഷക്കെടുതിയുമൊക്കെ ആരു കാണാൻ...???

അധികാരതിമിരത്താൽ അന്ധത ബാധിച്ചിരിക്കുന്നവർക്ക് സഹജരുടെ നൊമ്പരമെങ്ങനെ അറിയാനാകും... "എന്റെ കാര്യം നോക്കികളുടെ" എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്...

"സ്ഥാനമോഹം"-അതിനുവേണ്ടി വിളറിപിടിച്ചോടുകയാണ്. എന്തും ചെയ്യാൻ മടിക്കില്ല. പരിശുദ്ധരെന്ന് കരുതുന്നവർപോലും ഇക്കാര്യത്തിൽ പൂർണ്ണരല്ല. ഒരിക്കൽ കിട്ടിയ കസേര ഉറപ്പിക്കാൻ കാട്ടിക്കൂട്ടുന്ന പരാക്രമങ്ങൾക്കൊടുവിൽ ഒരു വാക്കുകൂടി കൂട്ടിച്ചേർക്കുന്നു "കടുത്ത സമ്മർദ്ദ

ത്തിനു വഴങ്ങിയാണ് ഇതു സ്വീകരിച്ചത്" എന്ന്. ഇക്കാര്യത്തിൽ ഞങ്ങൾ സുറിയാനിക്കാരും ഒട്ടും പിന്നിലല്ല.

കൈത്താക്കാലത്ത്, ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ചുടുനിണത്താലും സഭാപിതാക്കന്മാരാലും പരിപോഷിപ്പിക്കപ്പെട്ട സഭയുടെ വളർച്ച പ്രത്യേകമാംവിധത്തിൽ ധ്യാനിക്കുമ്പോൾ മനസ്സാക്ഷി പിറകോട്ടു പിടിച്ചുവലിക്കുകയാണ്... അങ്ങയുടെ വിൽപ്പത്രത്തിലേക്കൊന്നു എത്തിനോക്കാൻ...

ഒരാവർത്തികൂടി മനസ്സുനുറുങ്ങി വായിക്കാൻ, ജീവിതപരിവർത്തനത്തിലൂടെ വിശ്വാസതീക്ഷ്ണതയാൽ കത്തിയെരിയാൻ... വിശുദ്ധനായ പിതാവേ, ഞങ്ങളുടെ ഉള്ളു പൊള്ളിക്കുന്ന വചനങ്ങൾ അങ്ങു പറഞ്ഞല്ലോ.

"പ്രശംസ നിറഞ്ഞ പ്രസംഗവും കീർത്തി പുകഴ്ത്തുന്ന ഗീതങ്ങളും എന്റെ ശവസംസ്കാരത്തിനു പാടില്ല. എന്റെ പിതാക്കന്മാരെപ്പോലെ ഞാനും പരദേശിയാണ്. ആകയാൽ പരദേശിയുടെ ഓഹരിയും സ്ഥലവും എനിക്കു തന്നാൽ മതി. വിലയേറിയ വസ്ത്രങ്ങൾകൊണ്ട് എന്നെ മൂടരുത്. എന്റെ ഓർമ്മയ്ക്കായി സ്മാരകങ്ങൾ പണിയുകയും വേണ്ട. എന്റെ ശരീരാവശിഷ്ടങ്ങളോ മറ്റെന്തെങ്കിലുമോ പൂജ്യവസ്തുവായി സൂക്ഷിക്കുകയോ ബഹുമാനിക്കുകയോ അരുത്. എന്തുകൊണ്ടെന്നാൽ, നിരവധി അപരാധങ്ങൾ ചെയ്തുകൂട്ടിയ പാപിയാണ് ഞാൻ".

അഗാധമായ എളിമയുള്ള അപ്രേം പിതാവേ... അങ്ങയുടെ മക്കളുടെ അഹങ്കാരത്തെപ്പറ്റി ഒന്നും പറയാതിരിക്കുകയാണു ഭേദം. വിശുദ്ധനായ അങ്ങു പറയുന്നു മഹാപാപിയാണെന്ന് ... മഹാപാപം ചെയ്തിട്ട് "ഏയ് എനിക്കൊരു കുഴപ്പവുമില്ലെന്ന്" വീമ്പടിക്കുന്ന പ്രീശരെപ്പോലെയാണ് ഞങ്ങൾ... സുറിയാനിക്കാരുടെ ആഭിജാത്യം അഹങ്കാരത്തിൽ മുങ്ങിക്കുളിച്ചിരിക്കുകയാ... അതുകൊണ്ടായിരിക്കും നിസായിലെ വി. ഗ്രിഗറി ഞങ്ങളെ നോക്കിപ്പറയുന്നത്: "അപ്രേമിന്റെ ജീവിതമോ പ്രബന്ധങ്ങളോ പരിശോധിച്ചിട്ടുള്ള ഏതൊരു അഹങ്കാരിയാണ് എളിമപ്പെടാതിരുന്നിട്ടുള്ളത്?" ദാ, ഈ വാക്കുകൾക്കെന്തൊരു മൂർച്ച... അസ്ത്രം പോലെ ആത്മാവിൽ തറച്ചിറങ്ങിയ അനുഭവം. ആയതിനാൽ, അങ്ങയുടെ ജീവിതം സ്വന്തമാക്കാനായി പരിശ്രമിക്കട്ടെ...

അഗാധമായ എളിമയുള്ളവനും സുറിയാനി ഭാഷാപണ്ഡിതനും കവിയും സാർവ്വത്രിക സഭയുടെ മല്പാനെന്ന് പതിനൊന്നാം ബനദിക്തോസ് മാർപാപ്പയാൽ നാമകരണം ചെയ്യപ്പെട്ടവനുമായ അങ്ങയുടെ ജന്മംകൊണ്ട് (306) മെസപ്പൊട്ടേമിയായിലെ 'നിസിബിസ്' ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുകയാണ്.

363-ൽ നിസിബിസ് നഗരം പേർഷ്യൻ ആധിപത്യത്തിലായപ്പോൾ അവിടെനിന്ന് അങ്ങ് ഓടിരക്ഷപ്പെട്ട എദേസ്സായിൽവച്ചാണല്ലോ ഡീക്കൻപട്ടം ലഭിച്ചത്. തനിക്കു വച്ചുനീട്ടിയ പൗരോഹിത്യവും മെത്രാൻ സ്ഥാനവും സ്വീകരിക്കാതിരിക്കാനല്ലേ, അങ്ങു സുബോധമില്ലാത്തവനായി അഭിനയിച്ചത്; ഉന്നതപദവികളൊക്കെ ഉച്ഛിഷ്ടംപോലെ അങ്ങു വലിച്ചെറിഞ്ഞത്. അങ്ങയെ മറ്റുള്ളവർ പ്രശംസിക്കുന്നതുകേട്ടാൽ പനി പിടിച്ചിരുന്നുവെന്നാണല്ലോ ചരിത്രകാരന്മാർ പറയുന്നത്.



അങ്ങയുടെ മക്കളുടെ കാര്യം മഹാകഷ്ടം തന്നെ... ഉന്നതപദവി കൈവിട്ടുപോയാലാണ് അവർക്കു സുബോധം നഷ്ടപ്പെടുന്നത്. തങ്ങളെ ആരെങ്കിലും പ്രശംസിച്ചില്ലെങ്കിലാണ് പനി പിടിക്കുന്നത്... എന്റെ പാട്ട്, എന്റെ പ്രസംഗം, എന്റെ സേവനങ്ങൾ, എന്റെ കാലത്ത് ഞാൻ പണിതുയർത്തിയ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും... എന്റെ കഴിവുകളുടെ നീണ്ട പട്ടിക എല്ലാവരും എടുത്തു പറയണം. ഇല്ലെങ്കിൽ പറയിപ്പിക്കാനുള്ള പരിപാടികൾ സ്വന്തമായി ആവിഷ്കരിക്കും. പ്രസംഗമേയുള്ളു; ജീവിതമില്ല... ക്ഷമിക്കണേ... അങ്ങയുടെ മക്കളെന്ന് പറയാൻപോലും അർഹതയില്ലാത്തവരാണ് ഞങ്ങൾ. ആദർശധീരനായ അപ്രേം പിതാവേ... മെസപ്പൊട്ടേമിയായിലും സമീപപ്രദേശങ്ങളിലും പ്രചരിച്ചിരുന്ന അബദ്ധപഠനങ്ങളെ ഉന്മൂലനംചെയ്യാൻ അങ്ങു നടത്തിയ പരിശ്രമങ്ങൾ... ഊണും ഉറക്കവും ഉപേക്ഷിച്ച് എത്രയധികം ഗ്രന്ഥങ്ങളാണ് അങ്ങ് രചിച്ചത്. സുറിയാനി ഭാഷയിൽ അങ്ങു രചിച്ച ഗ്രന്ഥങ്ങളെല്ലാം ഞങ്ങൾക്കു ലഭിച്ച അമൂല്യനിധികളാണ്. പാഷണ്ഡതകൾക്കെതിരെ ഗാനരൂപത്തിൽ മറുപടി എഴുതിയതുകൊണ്ടാണല്ലോ 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന പേര് അങ്ങേയ്ക്ക് ലഭിച്ചത്.

അതേ, പിതാവേ, അങ്ങ് ആത്മാവിന്റെ വീണയായിരുന്നു. ആത്മാവിനാൽ പ്രചോദിതനായി തിരുവചനത്തെ ഉപാസിച്ച ജീവിതം... അതെത്ര വിശുദ്ധമാണ്!!! അധികാരമോഹമില്ലാതെ, ആരാധനയും ഉന്നതിയും ആഗ്രഹിക്കാതെ, ആബാപിതാവിന്റെ അഭിപ്രായം മാത്രം നിറവേറ്റിയ അങ്ങയുടെ ജീവിതത്തിന്റെ അവസാനനാളുകൾ അത്യന്തം വേദനാജനകമായിരുന്നല്ലോ. അവയൊക്കെയും ആനന്ദമാക്കിയ ഈ മണിവീണയിൽ 373 ജൂൺ 9 ന് മരണത്തിന്റെ മണി മുഴങ്ങി. അങ്ങാഗ്രഹിച്ചതുപോലെ ഏദേസ്സായിൽ വിദേശികൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള ശ്മശാനത്തിൽ അങ്ങയെ സംസ്കരിച്ചു.

സുറിയാനി മല്പാനായ അപ്രേം പിതാവേ... അങ്ങിൽ സ്പന്ദിച്ചുനിന്നത് നസ്രായനായിരുന്നു. അപ്രേം അപ്രത്യക്ഷനായിരുന്നു. അങ്ങയുടെ വീണയിൽ മീട്ടിയ സ്പന്ദരാഗങ്ങൾ നസ്രായന്റെ സ്തുതിഗീതങ്ങളായിരുന്നു. അപ്രേമിന്റെ അപദാനങ്ങളല്ലായിരുന്നു. അങ്ങനെ ഒരുപാടുകാര്യങ്ങൾ...

എന്നാൽ ഞങ്ങളോ?

അങ്ങയിൽനിന്നും എത്രയോ കാതം അകലെ...

മക്കളേ, മനസ്സു തിരിക്കാം

അപ്പന്റെ മനസ്സോടു ചേർന്നാലേ മനസ്സുഖം ലഭിക്കുകയുള്ളൂ...

അപ്പന്റെ ജീവിതം സ്വന്തമാക്കി, ഉത്ഥിതന്റെ സമാധാനം സ്വീകരിക്കാം.

**നമുക്കു പ്രാർത്ഥിക്കാം**

*നാല്പതു രാവും നാല്പതു പകലും ഉപവസിച്ചുകൊണ്ട് പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിച്ച്, പീഡാനുഭവമരണങ്ങളിലൂടെ ഉത്ഥാനം ചെയ്ത മിശിഹായേ, ഞങ്ങളുടെ സഭാസമൂഹ രാഷ്ട്രീയ മേലധികാരികളെ അങ്ങയുടെ തൃക്കൈകളിൽ സമർപ്പിക്കുന്നു. അപ്രേം പിതാവിന്റെ മാതൃക അനുകരിച്ച് അധികാരത്തിന്റെ ശുശ്രൂഷ നിർവ്വഹിക്കുവാൻ അവരെ അനുഗ്രഹിക്കണമേ. അധികാരത്തിനും അംഗീകാരത്തിനും മുൻതൂക്കം കൊടുക്കുന്ന ഈ ആധുനികയുഗത്തിൽ അപ്രേം പിതാവിന്റെ ജീവിതമാതൃക സ്വന്തമാക്കി, ഞങ്ങളുടെ ജീവിതത്തിലൂടെ ഈശോയെ പ്രഘോഷിക്കാനുള്ള ആത്മീയ കരുത്ത് ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. സുറിയാനി മല്പാനായ വി. അപ്രേം പിതാവേ, സുറിയാനി സഭയോടു ചേർന്ന്, അങ്ങയെപ്പോലെ വിശ്വാസത്തിൽ ജ്വലിച്ച്, ഈ സഭയുടെ പൈതൃകത്തിൽ അനുദിനം വളർന്ന് ഞങ്ങളുടെ ജീവിതകാലം മുഴുവൻ സഭയുടെ വളർച്ചയ്ക്കായി സമർപ്പിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ... അങ്ങനെ ഞങ്ങൾ ശ്ലീഹന്മാരുടെ മിശിഹാനുഭവവും രക്തസാക്ഷികളുടെ വിശ്വാസതീക്ഷ്ണതയും സ്വായത്തമാക്കി സഭയിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നവരാകട്ടെ. ആമ്മേൻ.*

**കൈത്താക്കാലം**

കൈത്താക്കാലത്തിന്റെ ആദ്യഞായറാഴ്ചയെ 'നുസാർദെൽ' ഞായർ എന്നു വിളിക്കുന്നു. ഈ വാക്കിന് യാമപ്രാർത്ഥനയിൽ കൊടുത്തിരിക്കുന്ന വിശദീകരണം ഇപ്രകാരമാണ്: "ദൈവത്തിന്റെ തിരുനാളും പന്ത്രണ്ടു ശ്ലീഹന്മാരുടെ അനുസ്മരണവും". സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത് ശ്ലീഹന്മാരാകയാൽ കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ചതന്നെ ശ്ലീഹന്മാരെ അനുസ്മരിക്കുന്നത് ഏറ്റം ഉചിതമാണ്. ▶▶

വിശുദ്ധിയുടെ മുത്തുകൾക്ക്

# അമ്മ

**'അ'** യെന്നയക്ഷരം കേട്ടനാളിൽ
ഓർമ്മയിലെത്തിയ പൊൻവെളിച്ചം
അമ്മയെന്ന സ്നേഹതായ
അമ്മയും അച്ഛനും ദൈവവും ചേരുമ്പോൾ
ഒന്നിച്ചുകൂടുന്ന സ്വർഗ്ഗഭാഗ്യം
സ്നേഹത്തിലുയരുന്ന ആദ്യപാഠം.

**സ്റ്റെമി സ്റ്റീഫൻ മംഗളത്തുകുന്നേൽ**
കുളമാവ്



കൂട്ടുകാരേ, പദപ്രശ്നം പൂരിപ്പിക്കുന്നതിനുമുമ്പ് നടപടിപുസ്തകം 14 മുതൽ 22 വരെ അദ്ധ്യായങ്ങൾ ശ്രദ്ധയോടെ വായിക്കണേ.

**വലത്തോട്ട്**

1. ലിദിയാ ഏതു പട്ടണത്തിൽ നിന്നു വന്ന സ്ത്രീയാണ്?
4. മക്കെദോനിയായിലേക്കു സുവിശേഷം പ്രസംഗിക്കാൻ പോകാൻ പൗലോസിന് ദർശനമുണ്ടായത് എവിടെ വച്ചാണ്?
6. അരെയോപ്പാഗസിലെ പ്രസംഗം കേട്ട് വിശ്വാസം സ്വീകരിച്ച സ്ത്രീയുടെ പേര്?
7. പൗലോസിനെ കണ്ടുമുട്ടുന്നതിനുമുമ്പ് അക്വീലായും പ്രിഷില്ലായും എവിടെ ആയിരുന്നു?
8. പൗലോസിനും സീലാസിനും ജനങ്ങൾ ബലിയർപ്പിക്കാൻ ശ്രമിച്ചത് എവിടെ വച്ച്?
10. തെസലോനിക്കായിൽ വച്ച് പൗലോസിന് അംഗത്വം നൽകിയത് ആരാണ്?

| | | | | | |
|---|---|---|---|---|---|
| 1 | | | | ■ | 2 |
| | 3 | 4 | | | |
| | | ■ | 5 | ■ | |
| | | 6 | | | |
| | 7 | | 8 | | 9 |
| ■ | ■ | ■ | | | |
| 10 | | | | | |

**താഴോട്ട്**

1. ലിസ്ത്രായിൽ ഉള്ള വിശ്വാസിനിയായ യഹൂദസ്ത്രീയുടെ മകൻ ആര്?
2. അരെയോപ്പാഗസിലെ പ്രസംഗത്തിനുശേഷം പൗലോസ് എത്തിച്ചേർന്നതെവിടെ?
3. അക്വീലായുടെ സ്വദേശം?
5. പൗലോസ് പിതാക്കന്മാരുടെ നിയമത്തിൽ ശിക്ഷണം നേടിയത് ആരിൽ നിന്ന്?
9. ജറുസലേം സൂനഹദോസിനു ശേഷം അന്ത്യോക്യായിലേക്ക് അയയ്ക്കാൻ യൂദാസിനൊപ്പം തിരഞ്ഞെടുക്കപ്പെട്ടയാൾ?

കഴിഞ്ഞ ലക്കത്തിലെ വിജയി
ജിനോ ജോസഫ്
വെട്ടിത്തുരുത്തേൽ
മാടപ്പള്ളി

Name: ______________________

Address: ______________________

**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – ഓഗസ്റ്റ് 10).



ദൈവദാസൻ ബിഷപ് വില്യം ജകഛീന്താ
ഇറ്റലിയുടെ പടിഞ്ഞാറുഭാഗത്തുള്ള സിസിലിയിലെ സംസ്കാരസമ്പന്നമായ നോത്തോ എന്ന ഗ്രാമം. 1914 ജൂൺ 25. ഗൈത്തോനോയുടെയും മരിയയുടെയും ഭവനം.
എത്ര ഓമനത്തമാണ് അവന്റെ മുഖത്ത്
നോക്കൂ, നമ്മുടെ മൂന്നാമത്തെ മകൻ
വില്യമിന്റെ സ്കൂൾ ജീവിതത്തിനിടയിലെ ഒരു ദിവസം
പപ്പാ- വില്യം കുറച്ചു ദിവസമായി ക്ലാസ്സിൽ കയറിയിട്ടില്ല
നീയെന്താ ഈ പറയുന്നത്?
അവൻ വരട്ടെ, ചോദിക്കാം.
അതെ പപ്പാ റ്റീച്ചർ എന്നെ വിളിച്ചു കാരണം ചോദിച്ചപ്പോഴാ ഞാൻ അറിയുന്നത്.
വില്യം വീട്ടിലെത്തിച്ചേർന്നു
വില്യം സത്യം പറയണം.. ക്ലാസ്സിൽ കയറാതെ ഇത്രയും ദിവസം നീ എവിടെ പോയിരിക്കുകയായിരുന്നു?
ഞാൻ... സ്റ്റാമ്പ് ശേഖരിക്കാൻ പോയതായിരുന്നു...
സ്റ്റാമ്പ് ശേഖരിക്കാനോ? എന്തിന്?
അത് ആഫ്രിക്കയിലെ മിഷനറിമാരെ സഹായിക്കാൻ പണമുണ്ടാക്കാനാണ്.
ഇങ്ങനെ പോയാൽ വില്യമിന്റെ പഠനം ശരിയാവില്ല.
അതേ.. അവന്റെ കുസൃതിത്തരങ്ങൾ ഒത്തിരി കൂടുന്നുണ്ട്.
നമുക്കവനെ വൈദികസെമിനാരിയിൽ വിട്ടു പഠിപ്പിച്ചാലോ?
അതു നല്ല കാര്യമാ. അവിടെ നല്ല പരിശീലനവും കിട്ടും.
അങ്ങനെ റോമിലെ സെമിനാരിവക ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് വില്യം പഠനമാരംഭിച്ചു.
ഒരു ദിവസം
എന്താ വില്യം ഇങ്ങനെയിരുന്നാൽ മതിയോ... എന്താ നിന്റെ പരിപാടി... സെമിനാരിയിൽ ചേരാനാണോ?
അത്....അതെ... അതാണെന്റെ ആഗ്രഹം...
സെമിനാരിയിൽ ചേർന്നാലേ രാവിലെ എഴുന്നേറ്റ് എല്ലാവരുടെയും ചെരുപ്പ് തുടച്ച് വൃത്തിയാക്കണം. അറിയാമോ?
ഇല്ല. എന്തുവന്നാലും എനിക്കൊരു വൈദികനാകണം.







# Jesus Christ



He was born in an obscure village
The child of a peasant woman
He grew up in still another village
Where He worked in a carpenter shop
Until He was 30, Then for three years
He was an Itinerant preacher.
He never held an office.
He never had a family, Or owned a house
He didn’t go the college, He never traveled 200 miles
From the place he was born, He did none of the things
One usually associates with greatness.
He has no certificates but Himself, He was only 33.
When public opinion turned against Him,
His Friends ran away.
He was handed over to His enemies
And went through the mockery of a trial,
He was nailed to a cross, Between two thieves He was dying,
His executioners gambled for His clothings,
The only property He had on Earth. When He was dead, He was laid in a borrowed grave
Through the pity of a friend.
Twenty centuries have come and gone,
And to-day He is the central figure, Of the human race.
The leader of human-kinds progress.
All the armies that ever marched,
All the navies that ever sailed, All the parliaments that ever sat,
All the kings that ever reigned, Put together, have not affected
The life of man on earth, As much as that one Solitary Life.

(Anonymous)

**M.C.Ildephones, *The Popes* (Kottayam, 2008)**



# കനൽ ജ്വലിക്കുമ്പോൾ

സ്റ്റെഫി മംഗളത്തുകുന്നേൽ

'വിശ്വാസം - ഹെബ്രായ ലേഖകന്റെ ഭാഷയിൽ 'വിശ്വാസം' എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രാ 11,1). മാമോദീസായിലൂടെ ഓരോ ക്രൈസ്തവന്റെയും ഉള്ളിൽ ദൈവം നിക്ഷേപിക്കുന്ന കനലാണ് വിശ്വാസം. അതിനെ ജ്വലിപ്പിക്കുക മാത്രമാണ് മനുഷ്യന്റെ കടമ. വിശ്വാസം മനുഷ്യന് മറ്റൊരു ആത്മാവിനു തുല്യമാണെന്ന് കൈത്താക്കാലം ഞായറാഴ്ചയിലെ റംശായിൽ നാം പാടുന്നു. അതെ, വിശ്വാസത്തിന്റെ വേർപാടിൽ നമ്മുടെ ആത്മാവ് ദേഹിവെടിഞ്ഞ ദേഹത്തിനുസമം മൃതരാവുക. ഈശോയുടെ വാക്കുകളിൽ "ആത്മാവാണു ജീവൻ നൽകുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല" ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്. എന്നാൽ വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട് (യോഹ 6,63-64). വിശ്വസിക്കാതെ കൂടെ നടന്നവനു സംഭവിച്ചതെന്തെന്ന് യോഹന്നാൻ ശ്ലീഹാ പറയുന്നു: "അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു" (യോഹ 13,27). 'ഉടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു' (യോഹ 13,30) ഈശോയുടെ കൂടെ നടക്കുകയും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവരായിത്തീരാതെ ഹൃദയംകൊണ്ട് വിശ്വസിക്കാം. എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ആർക്കും എന്റെ അടുക്കൽ വരാൻ സാധിക്കുകയില്ലെന്നു (യോഹ 6,65) പറഞ്ഞ ഈശോയോട് കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേയെന്നു (ലൂക്കാ 17,5) പറഞ്ഞ ശ്ലീഹന്മാരോടു ചേർന്ന് നമ്മുടെ വിശ്വാസത്തെ തമ്പുരാനു സമർപ്പിച്ച് പ്രാർത്ഥിക്കാം.

തിരുസന്നിധിയിൽ കർത്താവേ
തിരുമുൽക്കാഴ്ചയണയ്ക്കട്ടെ
മാമക ദുർബല വിശ്വാസം
തവദാനത്താൽ നീയതിനെ
സമ്പദ്പൂരിതമാക്കണമേ,
നന്മയിലെന്നെ നയിക്കണമേ

**(കൈത്താക്കാലം - ഞായർ, റംശാ)**



# മലകൾ മാറുന്ന വിശ്വാസം

**ഫാ. ഷിബു പുളിക്കൽ**
ദാപൊടി, കല്യാൺ

**കൊ**ച്ചുകുട്ടി വേദപാഠക്ലാസ്സിൽ നിന്നു വന്നപ്പോൾ അമ്മയോട് ചോദിച്ചു: "അമ്മേ, വേദപാഠം പഠിപ്പിച്ചപ്പോൾ ടീച്ചർ പറഞ്ഞു വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ മലകൾ മാറിപ്പോകും. ശരിയാണോ?" മകന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കിക്കൊണ്ട് അമ്മ പറഞ്ഞു: 'ടീച്ചർ പറഞ്ഞത് ശരിയാണ്'. കുട്ടിക്കു സന്തോഷമായി. കാരണം അവന്റെ വീടിനു മുമ്പിൽ ഒരു വലിയ മലയുണ്ട്. അവന് ടൗണിൽ പോകണമെങ്കിൽ, പള്ളിയിൽ പോകണമെങ്കിൽ ഈ മല ചുറ്റിവേണം പോകുവാൻ. അവൻ ടീച്ചറും അമ്മയും പറഞ്ഞത് വിശ്വസിച്ച് പിറ്റേദിവസം കാലത്തേ സ്കൂളിൽ പോകുന്നതിനു മുമ്പ് മുറ്റത്തുനിന്ന് മലയുടെ നേരെ കൈനീട്ടി പറഞ്ഞു: "ഈ മല മാറി പോകട്ടെ" പക്ഷേ മല മാറി പോയില്ല. എന്നാൽ കുട്ടി പിന്മാറാൻ തയ്യാറായില്ല. അവൻ എല്ലാ ദിവസവും ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നു. മാസങ്ങൾ കഴിഞ്ഞപ്പോൾ അവൻ ആ കാഴ്ച കണ്ടു. ആ മലയ്ക്ക് ചുറ്റും പണി ആയുധങ്ങളുമായി ആളുകൾ, ലോറികൾ എന്നിവ വന്നു നിൽക്കുന്നു. കാരണം ഗവൺമെന്റ് തീരുമാനിച്ചു ആ മല ഇടിച്ചു നിരത്തി അതിലൂടെ ഒരു റോഡ് നിർമ്മിക്കാൻ.

വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം ഇറങ്ങിവന്ന് മല മാറ്റിയില്ല. പക്ഷേ

ദൈവത്തിന്റെ ഇടപെടൽ ഉണ്ടായി. വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പാണ്. ഈശോ പറയുന്നത് നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഒരു മലതന്നെ മാറിപ്പോകുമെന്നാണ്. ദൈവത്തിന്റെ വാക്കുകളിൽ വിശ്വസിച്ച മോശ ചെങ്കടലിന്റെ നേരെ തന്റെ വടി നീട്ടിയപ്പോൾ ചെങ്കടൽ രണ്ടായിമാറി. പാറയിൽ അടിച്ചപ്പോൾ അവിടെ നിന്നും വെള്ളം ഒഴുകി. വിശ്വാസത്തോടെ തൊട്ടപ്പോൾ രക്തസ്രാവക്കാരി സ്ത്രീ സുഖപ്പെട്ടു. 'ശതാധിപന് ഭൃത്യനെയും, സിനഗോഗധികാരിക്ക് മകളെയും തിരിച്ചുകിട്ടി'.

നമ്മുടെയൊക്കെ അല്പവിശ്വാസത്തെ ഈശോ പലപ്പോഴും ശാസിക്കുന്നുണ്ട്. പണ്ട് ഒരു രോഗം വന്നപ്പോൾ സുഖപ്പെടുത്തിയ ദൈവം. പ്രതിസന്ധികളിൽ കൂട്ടുനിന്ന ദൈവം ഇന്നും അപ്രകാരം പ്രവർത്തിക്കുമോ എന്ന് നമ്മൾ പലപ്പോഴും സംശയിക്കുന്നു. നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന ദൈവികചൈതന്യത്തെ നമ്മൾ അവിശ്വസിക്കരുത്. ഒരു ഗാനത്തിലെ വരികൾ ഇങ്ങനെയാണ്. "വിശ്വാസി വിശ്വത്തെ ഭരിക്കേണ്ടവൻ..." ഈ ലോകത്തെ ഭരിക്കേണ്ടവനാണ്. ഓരോ വിശ്വാസിക്കും അവൻ കൽപിക്കുമ്പോൾ മലകൾ മാറിപ്പോകണം. ദുഷ്ടാരൂപികൾ ചിതറിക്കപ്പെടണം. ബന്ധനങ്ങൾ തകരണം. അശുദ്ധാത്മാക്കൾ ബഹിഷ്കരിക്കപ്പെടണം. രോഗങ്ങൾ സൗഖ്യമാക്കപ്പെടണം. ഇതൊക്കെ സാധിക്കണമെങ്കിൽ നിറഞ്ഞ വിശ്വാസവും, തികഞ്ഞ പ്രാർത്ഥനയും, ഉള്ളുനിറയെ ദൈവചിന്തയും വേണം. നമുക്കും ശിഷ്യരെപ്പോലെ പ്രാർത്ഥിക്കാം. 'നാഥാ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ'. തോമ്മാശ്ലീഹായെപ്പോലെ ഏറ്റുപറയാം: 'എന്റെ കർത്താവേ, എന്റെ ദൈവമേ'!!!

**കൈത്താക്കാലം**

മിശിഹായ്ക്കുവേണ്ടി, സഭയ്ക്കുവേണ്ടി, എല്ലാ ബുദ്ധിമുട്ടുകളെയും തൃണവൽക്കരിച്ചുകൊണ്ട് മരണംവരെ പോരാടി ശ്ലീഹന്മാർ വിജയംവരിച്ചു. വിശ്വാസജീവിതത്തിൽ അനുദിനം നേരിടുന്ന പ്രതിസന്ധികളെ നേരിട്ടുകൊണ്ട് അഭിമാനത്തോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ നാം തയ്യാറാണോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. യഥാർത്ഥ മിശിഹാനുഭവത്തിൽ വളർന്നിട്ടുണ്ടെങ്കിൽ മാത്രമേ ഇത് സാധിക്കൂ.

**ഭാരതത്തിന്റെ പ്രഥമ വിശുദ്ധ**
**തിരുനാൾ ജൂലൈ 28**



**വിശുദ്ധ അൽഫോൻസാമ്മേ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

കുടുംബവേദി

# അഞ്ജുവിന്റെ മാതാപിതാക്കൾക്ക്



**ഫാ. സിറിയക് കോട്ടയിൽ**
ഫാമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി

ഭാര്യയും ഭർത്താവുംകൂടിയാണ് എന്നെ കാണാൻ വന്നത്. രണ്ട് മക്കളാണവർക്ക്. മൂത്ത കുട്ടി ഇപ്പോൾ ഒൻപതാം ക്ലാസിൽ പഠിക്കുന്നു, രണ്ടാമത്തവൾ ആറാം ക്ലാസിലാണ്. ഭാര്യാഭർത്താക്കന്മാരായ അവരിരുവരും പന്ത്രണ്ടു വർഷമായി ദുബായിലാണ്. ജോയി എന്ന അയാൾ അക്കൗണ്ടന്റായും സാലി എന്ന അയാളുടെ ഭാര്യ നഴ്സായും ജോലി ചെയ്യുന്നു. അവർ സംസാരിച്ചുതുടങ്ങി. മക്കളാണ് വിഷയം. പ്രത്യേകിച്ച് മൂത്ത കുട്ടി. എട്ടാം ക്ലാസ്‌വരെ വളരെ നന്നായി പഠിച്ചുവന്നിരുന്ന അവൾ വളരെ പെട്ടെന്നാണ് അക്കാര്യത്തിലും പിന്നീട് പല കാര്യങ്ങളിലും പിന്നാക്കം പോകാൻ തുടങ്ങിയത്. അഞ്ജു എന്നാണവളുടെ പേര്. അവളെ പഠിപ്പിക്കുന്ന ടീച്ചർമാർക്കും അവളുടെ മാതാപിതാക്കൾക്കും അഞ്ജുവിൽ സംഭവിച്ച ഈയൊരു മാറ്റത്തിന് കാരണം കണ്ടെത്താൻ കഴിയുന്നില്ല. മാതാപിതാക്കളായ ജോയിയും സാലിയും ഇക്കാര്യത്തെപ്രതി ഇപ്പോൾ വലിയ വിഷമത്തിലാണ്. അഞ്ജുവിന്റെ ഇളയവൾ അനിത മിടുക്കിയാണ്, മിടുക്കിയെന്ന് പറഞ്ഞാൽ പോരാ മിടുമിടുക്കിയാണ്. പാഠ്യവിഷയങ്ങളിലും പാഠ്യേതരവിഷയങ്ങളിലും ഒരുപോലെ മികവു കാട്ടിയിരുന്ന അവളെ പുകഴ്ത്തുന്നതിൽ ജോയിയും സാലിയും അതീവ ശ്രദ്ധാലുക്കളായിരുന്നു. അനുജത്തിയെപോലെ പാഠ്യേതരവിഷയങ്ങളിൽ മുമ്പിലല്ലാതിരുന്ന അഞ്ജു പഠനത്തിലെ




ങ്കിലും എപ്പോഴും മുമ്പിലായിരിക്കുന്നതിനായി മാതാപിതാക്കൾ ഇരുവരും അവളെ എപ്പോഴും അക്കാര്യത്തെ സംബന്ധിച്ച് ഓർമ്മപ്പെടുത്തിയിരുന്നു. ആ ദിനങ്ങളിൽ അഞ്ജു വേണ്ടത്ര ഉറങ്ങാതെപോലും കുത്തിയിരുന്ന് പഠിക്കുമായിരുന്നു. അത്തരമുള്ള ഏതൊക്കെയോ ദിനങ്ങളിലാണ് പെട്ടന്നവൾ മൗനിയായതും പഠനത്തിലും ഇതര കാര്യങ്ങളിലും ഏറെ പിന്നാക്കം പോയതും. ഇനി കാര്യത്തിലേക്ക് വരാം. നാല്പത് കുട്ടികളുണ്ടായിരുന്ന ക്ലാസിൽ അഞ്ജു പഠനത്തിൽ എപ്പോഴും മുന്നിൽതന്നെയായിരുന്നു. പക്ഷേ, ആ വർഷത്തെ ടേമ്ലി പരീക്ഷയ്ക്ക് മാർക്കിന്റെ കാര്യത്തിൽ തന്നെക്കാൾ തന്റെ ക്ലാസിൽ ഉണ്ടായിരുന്ന രണ്ട് കുട്ടികൾ മുമ്പിൽ കയറിയിരിക്കുന്നു എന്ന കാര്യം അവൾ മനസിലാക്കി. ഒന്നാം റാങ്കിൽനിന്ന് അവൾ അങ്ങനെ മൂന്നാം റാങ്കിലേയ്ക്ക് പോവുകയും ചെയ്തു. തന്റെ പപ്പയുടെയും മമ്മിയുടെയും ടീച്ചർമാരുടെയും അനുജത്തിയുടെയും മുമ്പിൽ താൻ തരംതാഴ്ത്തപ്പെട്ടേക്കുമോ എന്ന ചിന്ത ആ കൊച്ചു മനസിനെ ഭയപ്പെടുത്തി. ആ ഭയചിന്ത പിന്നീടവളെ നിരുന്മേഷവതിയും മൗനിയുമാക്കി എന്നതാണ് സത്യം.

വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ കുട്ടികൾക്ക് ലക്ഷ്യബോധവും ആരോഗ്യകരമായ മാത്സര്യബുദ്ധിയും ഉണ്ടാകേണ്ടതാണ്. അത്തരമൊരു മനോഭാവത്തിലേക്ക് അവരെ നയിക്കുന്നതിൽ മുഖ്യപങ്ക് അവരുടെ മാതാപിതാക്കൾക്കുതന്നെയാണ്. എന്നാൽ മക്കളുടെ ജീവിതത്തെ തകർത്തുകളയാൻ ഇടയാക്കിയേക്കാവുന്ന വാശിയിലേക്കും അനാരോഗ്യകരമായ മാത്സര്യചിന്തയിലേക്കും അവരെ നയിക്കുന്നത് പിന്നീടവരെ മാനസികരോഗികളാക്കുവാനേ സഹായിക്കൂ എന്നറിയുക. കുട്ടികൾ വളരണം, വാനോളം വളരണം. പക്ഷേ തന്റെ സഹപാഠികളിൽ ഒരാളും ഒരു കാര്യത്തിലും തന്നെക്കാൾ ഒരുപടിപോലും മുന്നിൽ കയറരുതെന്നും അങ്ങനെ സംഭവിച്ചാൽ അത് തന്റെ പരാജയമാണെന്നുംമറ്റും കുട്ടികൾ ചിന്തിക്കുന്നതിലേക്ക് അവരെ നയിക്കാൻ പക്വതയില്ലാത്ത മാതാപിതാക്കളും മറ്റും സാഹചര്യം ഒരുക്കിയാൽ ഭാവിയിൽ നമ്മുടെ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും മാനസികരോഗികളായ കുട്ടികളുടെ എണ്ണം കൂടുകതന്നെ ചെയ്യും.

**കൈത്താക്കാലം**

**തിരുനാളുകൾ**

| | | |
|---|---|---|
| ഒന്നാം ഞായർ | - | 12 ശ്ലീഹന്മാരുടെ തിരുനാൾ |
| ജൂലൈ 11 | - | വി. ബനഡിക്റ്റ് |
| ജൂലൈ 12 | - | നിസിബിസിലെ വി. യാക്കോബ് |
| ജൂലൈ 15 | - | വി. കുര്യാക്കോസും ജൂലിറ്റായും |
| ജൂലൈ 16 | - | കർമ്മലമാതാവ് |
| ജൂലൈ 19 | - | മാർ മാറി |
| ജൂലൈ 25 | - | വി. യാക്കോബ്ശ്ലീഹാ |
| ജൂലൈ 26 | - | വി.ജോവാക്കിമും അന്നായും |
| ജൂലൈ 28 | - | വി. അൽഫോൻസാ |
| ജൂലൈ 29 | - | വി. മർത്താ |



# ഫലദായിനിയായ തിരുസ്സഭ

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വേ**നൽ ചൂടിൽ കത്തിയെരിഞ്ഞ പുൽനാമ്പുകൾ മഴത്തുള്ളികളുടെ നനവിനെ കൊതിക്കുന്നു. ആർത്തിരമ്പിയും അലസമായും മഴപെയ്ത് തോരുമ്പോൾ അവ ജീവന്റെ പുൽനാമ്പുകളെ കിളിർപ്പിക്കുന്നു. ആത്മാഭിഷേകത്തിന്റെ മഴപെയ്ത്തിനെ ധ്യാനിക്കുകയും പുതുജീവന്റെ കുളിർമ ആവഹിക്കുകയും ചെയ്ത ഒരു സുവർണ്ണകാലഘട്ടം - ശ്ലീഹാക്കാലം - നമ്മിൽ കൊരുത്ത കൃപയുടെ വർണ്ണങ്ങൾ നാം എങ്ങനെ പ്രയോജനപ്പെടുത്തി? ദൈവത്തിന്റെ കൃപമാരിയാൽ നമ്മുടെ വിശ്വാസം വളർന്ന് ഫലമണിയാൻ സഭയാകുന്ന അമ്മ തന്റെ മടിത്തട്ടിലേക്ക് നമ്മെ ക്ഷണിക്കുകയാണ് കൈത്താക്കാലത്തിലൂടെ.

വിശുദ്ധ സുവിശേഷങ്ങളിൽ "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന ഗുരുമൊഴി മുഴങ്ങികേൾക്കാം. വിശ്വാസം രക്ഷയുടെ മാർഗ്ഗമാണ്; നിത്യജീവനുള്ള താക്കോലാണ്; ആത്മാവിന്റെ ശ്വാസമാണ്. ശ്വസിക്കുന്ന വായു ശുദ്ധമല്ലെങ്കിൽ അത് ജീവന്റെ നിലനില്പിന് ഭീഷണിയാകുന്നതുപോലെ ആത്മാവിന്റെ ജീവന് സത്യവിശ്വാസം അത്യന്താപേക്ഷിതമാണ്.

വിശ്വാസത്തിന്റെ വലിപ്പവും മൂല്യവും മാർ അപ്രേം വിവരിക്കുന്നത് ശ്രദ്ധേയമാണ് "വിശ്വാസം ഒരു രണ്ടാം ആത്മാവാണ്. ശരീരം ആത്മാവിനാൽ നിലനിൽക്കുന്നതുപോലെ, വിശ്വാസത്താലാണ് ആത്മാവിന്റെ ജീവൻ നില

നിൽക്കുന്നത്. അതിനെ നിഷേധിക്കുകയോ അതേപ്പറ്റി സംശയിക്കുകയോ ചെയ്താൽ അത് ചത്ത ജഡമായിത്തീരും.

ഇപ്രകാരം മർത്ത്യശരീരം ആത്മാവിനെ ആശ്രയിക്കുന്നു; ആത്മാവ് വിശ്വാസത്തെ ആശ്രയിക്കുന്നു. വിശ്വാസം ദൈവത്തിൽ ആശ്രയിക്കുന്നു. കാരണം പിതാവിൽനിന്ന് പുത്രനിലൂടെ സത്യമിറങ്ങി, പരിശുദ്ധാത്മാവിലൂടെ എല്ലാവരെയും ജീവിപ്പിക്കുന്നു" (വിശ്വാസഗീതങ്ങൾ 80,1-2).

സത്യവിശ്വാസത്തിന്റെ ഉറവിടം ഈശോയിൽ പൂർത്തിയായ ദൈവിക വെളിപാടാണ്. ഇവയുടെ കലർപ്പില്ലാത്ത പ്രവാഹമാണ് വി. ഗ്രന്ഥവും സഭയുടെ പാരമ്പര്യങ്ങളും! ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു എന്നേറ്റുപറയുമ്പോൾ ദൈവിക വെളിപാടിന്റെ കലവറയിൽ ഞാൻ വിശ്വസിക്കുന്നു; സ്വാംശീകരിക്കുന്നു; സമർപ്പിക്കുന്നു എന്നാണ് നാം ഏറ്റുചൊല്ലുക.

വിശ്വാസം പ്രവൃത്തിയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു, ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ. 'പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണെന്ന്' പ്രബോധനം ഈ സത്യത്തിന്റെ പ്രഘോഷണംതന്നെ. സത്യവും സജീവവുമായ വിശ്വാസം ആത്മാവിന്റെ ഫലങ്ങളാൽ മുടിചൂടണം; സത്യസാക്ഷ്യമായി പ്രകാശം ചൊരിയണം. വിശ്വാസത്തിലൂടെ സഭാംഗങ്ങളായവരിൽ നിറഞ്ഞുനിൽക്കേണ്ട ഫലങ്ങളെക്കുറിച്ച് വി. പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: "എന്നാൽ ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവയാണ്" (ഗലാ 5,26). ഈ ഫലങ്ങൾ ഈശോയിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുന്നു. മാർ അപ്രേമിന്റെ വാക്കുകളിൽ : "വിശ്വാസ സ്ഥിരതയിലൂടെ മനുഷ്യനു തന്നെത്തന്നെ സ്വർഗ്ഗീയനുമായി ബന്ധിക്കാം. അവൻ ആത്മാവിനാൽ ജീവിക്കുന്നു. ശരീരം കൊണ്ട് കാണുകയും കേൾക്കുകയും ചെയ്യുന്നു. വിശ്വാസം, സ്നേഹം, വിജ്ഞാനം എന്നിവയിലൂടെ അവൻ ദൈവത്വവുമായും ഐക്യപ്പെടുകയും അവന്റെ രൂപം തന്നിൽ രൂപീകരിക്കുകയും ചെയ്യുന്നു" (വിശ്വാസഗീതങ്ങൾ 80,3).

നമ്മുടെ മനുഷ്യത്വത്തിന്റെ പൂർണ്ണതയും അർത്ഥവും ഈശോമിശിഹായിലാണ് നാം കണ്ടെത്തുക. മുന്തിരിശാഖ തായ്ത്തണ്ടിനോട് ഒട്ടിനിൽക്കുന്നതുപോലെ ഈശോയിൽ ഒന്നായെങ്കിലേ ഫലം പുറപ്പെടുവിക്കാനാവൂ എന്ന് അവിടുന്ന് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഈശോയോട് ഒന്നായി 'ഫലം ചൂടി നിൽക്കുന്ന' സഭയുടെ മക്കളാകുവാൻ ഈ കൈത്താക്കാലം ഇടവരുത്തട്ടെ!

"ഈശോയേ, സ്തുത്യർഹ നാമമേ, നീ മരണത്തിൽനിന്ന് ജീവനിലേക്ക് നയിക്കുന്ന പാലമാണ്. ഞാൻ നിന്റെ പക്കലെത്തി നിശബ്ദനായി നിൽക്കുന്നു. നിന്റെ സ്നേഹം നിന്റെ ദാസന് ഒരു പാലമാകട്ടെ. നിന്നിലൂടെ ഞാൻ നിന്റെ പിതാവിലേക്ക് കടക്കട്ടെ" (വിശ്വാസഗീതങ്ങൾ 6,17).

**കൈത്താക്കാലം**

**തിരുനാളുകൾ**

| | | |
|---|---|---|
| ജൂലൈ | 31 | -വി. ഇഗ്നേഷ്യസ് ലയോള |
| ഓഗസ്റ്റ് | 1 | -വി. അൽഫോൻസ് ലിഗോരി |
| ഓഗസ്റ്റ് | 3 | -വി. ജോൺ മരിയ വിയാനി |
| ഓഗസ്റ്റ് | 6 | -രൂപാന്തരീകരണത്തിരുനാൾ |
| ഓഗസ്റ്റ് | 8 | -വി. ഡൊമിനിക് |
| ഓഗസ്റ്റ് | 9 | - വി. ശ്മോനിയും ഏഴുമക്കളും |
| ഓഗസ്റ്റ് | 11 | -വി. ക്ലാര |
| ഓഗസ്റ്റ് | 14 | -വി. മാക്സിമില്യൻ കോൾബേ |
| ഓഗസ്റ്റ് | 15 | -സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം |
| ഓഗസ്റ്റ് | 16 | -വി.ശിമയോൻ ബർസബായും സഹരക്തസാക്ഷികളും |
| ഓഗസ്റ്റ് | 21 | -വി. പത്താം പീയൂസ് മാർപാപ്പാ |
| ഓഗസ്റ്റ് | 24 | -വി. ബർത്തലോമിയോശ്ലീഹാ |



# ആകേണ്ടതുകളിലേക്ക്...

ഷിനി മുതുപ്ലാക്കൽ

"ങ്ഹും! ആരാത്?"

"നീയെന്താ ഉറങ്ങുകയാണോ?"

"നിനക്കെന്താ കാണാൻ പാടില്ലേ?"

"ഞാൻ മഴത്തുള്ളിയാ"

"ആരായാലും ശല്യപ്പെടുത്താതെ കടന്നു പോ. എന്റെ സ്വകാര്യത നഷ്ടപ്പെടുത്തുന്നത് എനിക്കിഷ്ടമല്ല"

"ഇങ്ങനെ കിടന്ന് ഉറങ്ങിത്തീർക്കാനുള്ളതാണോ നിന്റെ ജീവിതം? നീയൊരു വിത്തല്ലേ? ഇങ്ങനെ മണ്ണിനടിയിൽ, നിന്റെ സ്വകാര്യതയിൽ കഴിഞ്ഞുകൂടിയാൽ എങ്ങനെ നീ പൊട്ടിമുളയ്ക്കും? എങ്ങനെ നീയൊരു വൃക്ഷമാകും?"

"മുളച്ചു വളരുമ്പോൾ വിത്തായ എന്റെ രൂപം എനിക്ക് നഷ്ടപ്പെടും. ഞാൻ അഴുകിയാലേ നാമ്പുകൾ വളരൂ. അഴുകി ഇല്ലാതാകുന്നതിന്റെ വേദന സഹിച്ച് എനിക്ക് വൃക്ഷമാകണ്ട."

''നിന്റെ പുറന്തോടിനുള്ളിൽ നിന്റെ ജീവിതം നീ തളച്ചിടരുത്. നീ അഴിയണം. മണ്ണോടു ചേരണം, പുതുനാമ്പുകൾ നീട്ടി നീ വളരണം. വളർന്നുവളർന്ന് വലിയ ഒരു മരമാകണം. കാണാൻ ആകർഷകങ്ങളായ, എല്ലാവർക്കും സുഗന്ധം പരത്തുന്ന ധാരാളം പൂക്കൾ നിന്നിലുണ്ടാകും. സ്വാദിഷ്ടമായ ഫലങ്ങളാൽ നീ നിറയും. പൂക്കളുടെ തേൻ നുകരുവാനും ഫലത്തിന്റെ സ്വാദ് ആസ്വദിക്കുവാനും തേനീ

*'ആയതിൽ ഒതുങ്ങാതെ ആകേണ്ട തുകളിലേക്ക്' എത്തുക. എന്തൊക്കെയോ ആയി, എവിടെയൊക്കെയോ എത്തി, ഇതു മതി എന്നു പറഞ്ഞ് വിശ്രമിക്കാറായിട്ടില്ല.*

ച്ചകളും മറ്റ് പക്ഷികളും മനുഷ്യരുമൊക്കെ നിന്നെ സമീപിക്കും. അണ്ണാറക്കണ്ണന്മാർ സന്തോഷത്തോടെ ചിലച്ചുകൊണ്ട് നിന്റെ കമ്പുകളിൽക്കൂടി ഓടിക്കളിക്കും. കാറ്റത്ത് ചാഞ്ചാടുന്ന നിന്റെ ചില്ലകളിൽ പക്ഷികൾ ഊഞ്ഞാലാടും. പലതരം പക്ഷികളുടെ പാട്ട് നിനക്ക് കേൾക്കാനാകും. സന്ധ്യയാകുമ്പോൾ നിന്റെ ശിഖരങ്ങളിൽ അവ ചേക്കേറും. വെയിലേറ്റ് തളർന്നുവരുന്ന മനുഷ്യർക്ക് നീ ഒരു തണലാകും. വീട്ടുവിശേഷങ്ങളും നാട്ടുവിശേഷങ്ങളുമൊക്കെ കൈമാറുവാൻ വരുന്നവർക്ക് നീ ഒരു താവളമാകും. കുറുമ്പുകാട്ടുന്ന കുരുന്നുകൾക്ക് കയറിയിറങ്ങിക്കളിക്കാൻ നീയൊരു ഇടമാകും. ഇങ്ങനെയിങ്ങനെ എന്തെല്ലാം സന്തോഷപ്രദങ്ങളായ അനുഭവങ്ങളാണ് നിനക്കുണ്ടാകുവാൻ പോകുന്നത്? എത്രയോ പേർക്കാണ് നീ സഹായമായിത്തീരുവാൻ പോകുന്നത്? ഇങ്ങനെയൊന്നുമാകാതെ വിത്തായിത്തന്നെ തുടരാനാണോ നീ ആഗ്രഹിക്കുന്നത്...?"

"നീ പറഞ്ഞതൊക്കെ ശരിയാ. എനിക്കൊരു മരമായി വളരണം. അനേകർക്ക് സന്തോഷവും സഹായവുമേകുന്ന ഒരു മരമാകണം..."

ഇനിയുമൊരു മറുപുറം... വചനവിത്തുമായി തന്റെ ശ്ലീഹന്മാരെ മിശിഹാ എല്ലാ ജനതകളുടെയും അടുത്തേയ്ക്കയച്ചു. തങ്ങൾ എത്തിച്ചേർന്ന സ്ഥലത്തെല്ലാം പരിശുദ്ധാത്മശക്തിയാൽ അവർ വചനവിത്തു വിതച്ചു. അത് മുളച്ചുപൊങ്ങി. സഭാതരു വളർന്ന് പന്തലിക്കാൻ തുടങ്ങി.

**കൈത്താക്കാലം ഞായറാഴ്ചകളിലെ വിശുദ്ധഗ്രന്ഥവായനകൾ**

1. ലൂക്കാ 14,7-14; 2 കൊറി 1,8-14
2. ലൂക്കാ 15,1-7; 2 കൊറി 3,4-11
3. യോഹ 9,1-38; 2 കൊറി 7,2-11
4. മർക്കോ 7,1-13; 2 കൊറി 10,7-18
5. ലൂക്കാ 16,19-31; 2 കൊറി 12,14-21
6. ലൂക്കാ 17,11-19; 1 തെസ 2,1-12
7. ലൂക്കാ 18,1-8; 1 തെസ 2,14-20

സഭയാകുന്ന മാതൃവൃക്ഷത്തിന്റെ ശിഖരങ്ങളാണ് സഭാംഗങ്ങളായ നാമോരോരുത്തരും. ശിഖരങ്ങളുടെ വളർച്ച വൃക്ഷത്തിന്റെ വളർച്ചയാണ്. ഒരു താലന്തുപോലും നല്കാതെ ദൈവം ആരേയും ഈ ഭൂമിയിലേക്ക് അയച്ചിട്ടില്ല. തന്നിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന കഴിവുകൾ കണ്ടെത്തി വികസിപ്പിച്ച് അതിലൂടെ മറ്റുള്ളവർക്ക് നന്മയുടെ പ്രകാശം പരത്തേണ്ടവരാണ് നാം. മറ്റുള്ളവർക്കുവേണ്ടിയുള്ള ജീവിതത്തിൽ സ്വന്തമായവ - സമയം, ആരോഗ്യം, കഴിവുകൾ, സമ്പത്ത് എന്നിങ്ങനെ പലതും നമുക്കു നഷ്ടപ്പെടാം. ആ നഷ്ടങ്ങൾ നേട്ടങ്ങളാക്കുമ്പോഴാണ് ജീവിതത്തിനർത്ഥമുണ്ടാകുക; യഥാർത്ഥസന്തോഷം അനുഭവിക്കാൻ സാധിക്കുക.

'ആയതിൽ ഒതുങ്ങാതെ ആകേണ്ടതുകളിലേക്ക്' എത്തുക. എന്തൊക്കെയോ ആയി, എവിടെയൊക്കെയോ എത്തി, ഇതു മതി എന്നു പറഞ്ഞ് വിശ്രമിക്കാറായിട്ടില്ല. 'ആകേണ്ടതുകളിലേക്കുള്ള' ഈ യാത്ര ഇനിയും തുടരേണ്ടിയിരിക്കുന്നു, നിത്യതയുടെ തീരത്തെത്തും വരെ!



# വിശ്വാസമെന്നാൽ ശ്വാസമോ!



തോരാത്ത കണ്ണീരും
തീരാത്ത പ്രാർത്ഥനയുമായ്
തണലേകുമൊരിടയന്റെ ചാരെ
തളരാത്ത മനമോടെയവർ നിന്നു.

പിരിയാത്ത സ്നേഹവും
പതറാത്ത പാദവും
പരിഭവമില്ലാത്തൊരു വാക്കും
പാണികൾ കൂപ്പിയവൾ കാഴ്ചയേകി

കരതാരിലേറ്റി ഇടയനാ ചെറുകാഴ്ച
കരുതലോടെ നോക്കിയവളെ
കാഴ്ചയിതേതും പവിത്രമാക്കും
കണ്ണീരിതു വിശ്വാസമല്ലയോ!

**ജൂലി വന്യംപറമ്പിൽ**




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**
**ഒരു ജീവിതം....**

**Vocation Promoter**
**Apostolic Oblates**
**Spirituality Centre**
**Manganam P.O., Kottayam - 686 018**
**Ph: 0481-2578192**




# സഭാസമൂഹത്തെ വളർത്താൻ ഞാനെന്തു ചെയ്യണം?

ലീന അറയ്ക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

'വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏക മനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും പ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു' (നടപടി 2,44-47).

സഭാംഗങ്ങളുടെ എണ്ണം വർദ്ധിച്ച് സഭാതരു വളർന്നു പന്തലിക്കുന്നത് കർത്താവിനെ ആശ്രയിച്ചാണിരിക്കുന്നത്. കാരണം രക്ഷ പ്രാപിക്കുന്നവരെ കർത്താവാണ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നത്. എന്നാൽ ഈ സഭാഗണത്തിന്റെ പ്രത്യേകതകൾ വളരെ ശ്രദ്ധേയമാണ്. അവർ ഒറ്റ സമൂഹമായിരുന്നു. വിവിധസമൂഹങ്ങളുടെ ഒരു കൂട്ടായ്മയായിരുന്നില്ല അവർ. അവർക്കുള്ളതെല്ലാം പൊതുവായിരുന്നു. എന്റേത്, നിന്റേത്, അവന്റേത് എന്നു പറയാൻ ഒന്നും അവരുടെ ഇടയിലില്ലായിരുന്നു. എല്ലാ വസ്തുക്കളും അവരുടെ എല്ലാ കഴിവുകളും ആവശ്യാനുസരണം എല്ലാവർക്കുമായി നല്കപ്പെട്ടു. ഏക മനസ്സോടെ അതിലുപരി താല്പര്യത്തോടെ അവർ പ്രാർത്ഥനകളിൽ പങ്കെടുത്തു. കടമയുടെയോ കടത്തിന്റെയോ നിർബന്ധത്തിന്റെയോ പേരിലല്ല, ആഗ്രഹത്തോടെ, ഒരുമിച്ചു പ്രാർത്ഥിച്ചു. ദൈവത്തെ സ്തുതിക്കുന്നതിൽനിന്നും അവർ വിരമിച്ചില്ല. വാക്കുകളിലും പ്രവൃത്തികളിലും ആത്മാവിലും ദൈവസ്തുതി നിറഞ്ഞുനിന്നു. ഹൃദയലാളിത്യവും ആഹ്ലാദവും നിറഞ്ഞ ജീവിതശൈലി എല്ലാ മനുഷ്യരുടെയും പ്രീതിക്കു കാരണമായി. ഈ ഗണത്തിലേക്കാണ് കർത്താവ് രക്ഷ പ്രാപിച്ചവരെ ചേർത്തുകൊണ്ടിരുന്നത്. നവസുവിശേഷവൽക്കരണത്തിലൂടെ സഭാതനയർ ഈ ആദിമക്രൈസ്തവ സമൂഹത്തെ പ്രതിബിംബിപ്പിക്കുമ്പോൾ കർത്താവ് ഇന്നും രക്ഷപ്രാപിച്ചവരെ ഈ ക്രൈസ്തവഗണത്തിലേക്ക് ചേർക്കും, സഭാസമൂഹം വളരും - എണ്ണത്തിലും ഗുണത്തിലും. ഇതിനായ്:

***ദൈവത്തോട്:*** *ദൈവമഹത്ത്വത്തെ ലക്ഷ്യമാക്കി ജീവിതത്തെ ക്രമീകരിക്കാം. പ്രത്യേകിച്ച് പ്രാർത്ഥനകളെ കടമകളോ കടപ്പെടുത്തലുകളോ നിർബന്ധങ്ങളോ ആയി കാണാതെ ദൈവത്തെ സ്നേഹിക്കുന്നതിന് അവിടുത്തെ സ്നേഹം അനുഭവിക്കുന്നതിനുള്ള അവസരമായി കാണാം.*

***മറ്റുള്ളവരോട്:*** *ഞാനും എന്റെ കഴിവുകളെയും എനിക്കുള്ളതെല്ലാം എന്റെ സ്വന്തമല്ല, മറിച്ച് അപരന്റെ അവകാശമാണ് എന്ന് മനസ്സിലാക്കി സ്വത്തുക്കളും വസ്തുവകകളും ആരോഗ്യവും കഴിവുകളുമെല്ലാം ആവശ്യാനുസരണം ശത്രുമിത്രഭേദമെന്യേ എല്ലാവർക്കുമായി പങ്കുവയ്ക്കാം.*

***തന്നോടുതന്നെ:*** *ഹൃദയലാളിത്യവും സന്തോഷവും ആഹ്ലാദവും നിറഞ്ഞ ഒരു ജീവിതം സ്വന്തമാക്കാം. ഇതിനെതിരായുണ്ടാകാവുന്ന എല്ലാ തിന്മകളും കോപാസൂയാദികളും ദൂരെയകറ്റാം.*

***സാഹചര്യങ്ങളോട്:*** *അനുകൂലവും പ്രതികൂലവും ആയ ജീവിത സാഹചര്യങ്ങൾ ദൈവസ്തുതികളുയരുന്ന വേദിയായി മാറ്റാം. സഹനങ്ങളും ദുഃഖങ്ങളും ആപത്തുകളും രോഗങ്ങളുമെല്ലാം ദൈവമഹത്ത്വത്തിനുള്ള മാർഗ്ഗങ്ങളായി പരിണമിപ്പിക്കാം.*




# സെനക്കിൾ തരംഗം

സെനക്കിൾ വൈദികകൂട്ടായ്മയെ ഊട്ടിയുറപ്പിക്കുവാനും സെനക്കിൾ സൗഹൃദം നവീകരിക്കുവാനും സഹായകരമായ ഒരു പംക്തി -'*സെനക്കിൾ തരംഗം*'- ആരംഭിക്കുന്നു. ഈ പംക്തിയിൽ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദറിന്റെ ഒരു സന്ദേശവും ഇൻസ്റ്റിറ്റ്യൂട്ടിനോടു ബന്ധപ്പെട്ട ആനുകാലിക വാർത്തകളുമുണ്ടാകും. ഈ പംക്തിയിലൂടെ സെനക്കിൾസൗഹൃദം നിലനിർത്തുവാനും വളർത്തുവാനും സെനക്കിൾ കൂട്ടായ്മയിലുള്ള എല്ലാ വൈദികസഹോദരങ്ങൾക്കും സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

സീറോ മലബാർസഭയുടെ ആരാധനക്രമവത്സരത്തിൽ കൈത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കൈത്താക്കാലം സഭയുടെ വളർച്ചയുടെ കാലഘട്ടമാണ്. സഭ വളരുമ്പോൾ മിശിഹായാണ് വളരുന്നത്. കാരണം, സഭ മിശിഹായുടെ ശരീരമാണ്. സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടിൽ "നമ്മുടെ മദ്ധ്യേ നടക്കുന്ന മിശിഹായാണ് സഭ". സഭയിൽ വസിക്കുന്ന മിശിഹായെയാണ് വി. പൗലോസ്ശ്ലീഹാ അനുഭവിച്ചറിഞ്ഞത്. സഭയിലൂടെയുള്ള ശ്ലീഹായുടെ മിശിഹാനുഭവമാണ് സഭയെ സ്നേഹിക്കാനും, താൻ പോയ സ്ഥലങ്ങളിലെല്ലാം സഭ സ്ഥാപിക്കാനും ശ്ലീഹായെ പ്രേരിപ്പിച്ചത്. ശ്ലൈഹികശുശ്രൂഷയിലുള്ള ഭാഗഭാഗിത്വമാണല്ലോ പൗരോഹിത്യശുശ്രൂഷ. പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്ന നമുക്കും സഭയെ സ്നേഹിക്കാം. വചനശുശ്രൂഷയിലൂടെയും അജപാലനശുശ്രൂഷയിലൂടെയും ആരാധനാശുശ്രൂഷയിലൂടെയും സഭയെ കെട്ടിപ്പടുത്തുകൊണ്ട് മിശിഹായോടുള്ള നമ്മുടെ സ്നേഹം നമുക്കു പ്രകടമാക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

-'സെനക്കിൾ ആദ്ധ്യാത്മികത' കാരിസമായി സ്വീകരിച്ചിരിക്കുന്ന അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിലേഴ്സിന്റെയും നാഷണൽ കൗൺസിലേഴ്സിന്റെയും ഒരു സംയുക്തയോഗം 2013 ജൂൺ 11 മുതൽ 14 വരെയുള്ള തീയതികളിൽ റോമിൽവച്ചു നടന്നു. സെനക്കിൾ വൈദികരുടെ തുടർപരിശീലനം, പ്രമാണരേഖാവ്യാഖ്യാനം, ഡയറക്ടറി എന്നീ വിഷയങ്ങൾ ചർച്ചചെയ്തു. ഇന്ത്യയിൽനിന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറാളായ ബഹു. മാത്യു വെള്ളാനിക്കലച്ചനും സെക്രട്ടറിയായ ബഹു. ജോസഫ് ചാലാശ്ശേരിയച്ചനും പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ചു.

-2013 ജൂലൈ 16 മുതൽ 18 വരെ, മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനം നടക്കും. ഈ സമ്മേളനത്തോടനുബന്ധിച്ച് 16-ാം തീയതി ഒരു വൈദിക കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നു. "സീറോ മലബാർസഭയുടെ വിശ്വാസം: വിവിധ മാനങ്ങൾ" എന്നതാണ് പൊതുവിഷയം. മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. പോളി മണിയാട്ട്, റവ. ഡോ. ഡൊമിനിക് വെച്ചൂർ എന്നിവർ ചർച്ചകൾ നയിക്കും. കൺവൻഷൻ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 4.30 ന് സമാപിക്കും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.






# അമ്മയ്ക്കൊപ്പം വിശ്വാസവഴിയേ

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**1.** മറിയമേ നിന്റെ പുത്രനാം ഈശോ
മാമ്മോദീസായ്ക്കായ് യോർദ്ദാനിൽ
നിൽക്കുമാനേരമാ സ്വർഗ്ഗം തുറന്നു
താതൻ മൊഴിഞ്ഞു ഇവനെന്റെ പ്രിയൻ
ആ സ്വരം കേട്ടു പുത്രനെ പൂജിച്ചു
ദൈവസുതരാകാൻ യാചിക്ക നീ.

**2.** മറിയമേ നിന്റെ പുത്രനാം ഈശോ
കാനായിലേക്ക് യാത്രയായി
കല്യാണവീട്ടിലോ വീഞ്ഞിതാ തീർന്നു
പുത്രനോ വെള്ളം വീഞ്ഞാക്കിമാറ്റി
ആ ദിവ്യസ്നേഹം ഉൾക്കൊണ്ടു ഞങ്ങൾ
അന്യരെ കരുതാൻ യാചിക്ക നീ

**3.** മറിയമേ നിന്റെ പുത്രനാം ഈശോ
പ്രേഷിത യാത്രതൻ നിമിഷമിതാ
സുവിശേഷമേകുന്ന നേരത്തുതന്നെ
രോഗികളെ തൊട്ടുസൗഖ്യമേകി
ആ ദിവ്യമാതൃക ഉൾക്കൊണ്ടു ഞങ്ങളും
സുവിശേഷമേകാൻ യാചിക്ക നീ

**4.** മറിയമേ നിന്റെ പുത്രനാം ഈശോ
മാമലമേലേ ധ്യാനിക്കവേ
ഏലിയാ, മോശ വന്നണഞ്ഞീടുന്നു
സ്വർഗ്ഗീയാനന്ദം നുകർന്നുശിഷ്യർ
താവക മാതൃക ഉൾക്കൊണ്ടു ഞങ്ങളും
ലോകത്തെ ജ്വലിപ്പിക്കാൻ യാചിക്ക നീ.

**5.** മറിയമേ നിന്റെ പുത്രനാം ഈശോ
ഈ ലോകം വിട്ട് പോകുംമുമ്പായ്
ഞങ്ങളോടൊപ്പം എന്നും വാണീടുവാൻ
ദിവ്യകാരുണ്യമായ് തീർന്നുവല്ലോ
ശൂന്യനായ് അപ്പമായ്ത്തീർന്നപോൽ ഞങ്ങളും
ശൂന്യരായ്ത്തീരുവാൻ യാചിക്ക നീ

നമുക്കു പ്രാർത്ഥിക്കാം

പരി. അമ്മേ, ഈശോയുടെ പരസ്യ ജീവിതകാലത്ത് കാലടികളെ പിന്തുടരുകയും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളിൽ പങ്കുകാരിയാകുകയും ചെയ്തതുപോലെ ഞങ്ങളുടെ ജീവിതവഴികളിലും അമ്മ ഞങ്ങളോടുകൂടെ ഉണ്ടാകണമേ. കാനായിലെ കല്യാണവിരുന്നിൽ അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഈശോയെ അങ്ങ് അപേക്ഷിച്ചതുപോലെ, നന്മ ചെയ്യുവാനും മറ്റുള്ളവരുടെ ജീവിതത്തിലെ കണ്ണീരു കാണുവാനും 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്ന അമ്മയുടെ വാക്കുകളെ ശ്രവിക്കാനും ഞങ്ങളെ സഹായിക്കണമേ, ആമ്മേൻ.

വിചാരണ



# തട്ടിപ്പിന്റെ സരിതവിപ്ലവം

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**


തട്ടിപ്പു സംഘങ്ങളുടെ തറവാടായിക്കഴിഞ്ഞിരിക്കുന്ന കേരളനാട് ഈ നാളുകളിൽ അതിന്റെ പരിണിതഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കാലവർഷക്കെടുതികളും പകർച്ച വ്യാധികളുംകൊണ്ട് നട്ടംതിരിയുന്ന പൊതുജനത്തിന്റെ മുമ്പിൽ ഭരണപക്ഷവും പ്രതിപക്ഷവും നിലവിട്ടു കളിച്ചുകൊണ്ടിരിക്കുന്നു. മറ്റെല്ലാ അഴിമതി കഥകളിലുമെന്നതുപോലെ ഈ സരിത വിപ്ലവത്തിലും ഇരുപക്ഷത്തിനും ആവശ്യത്തിന് സ്കോറായി കഴിയുമ്പോൾ അവർ ഒത്തുതീർപ്പിലെത്തി കളി അവസാനിപ്പിക്കും. ആകാംക്ഷയോടെ നോക്കിയിരുന്ന പൊതുജനം പതിവുപോലെ മണ്ടന്മാരാകുകയും ചെയ്യും. അതുകൊണ്ട് അതിനെക്കുറിച്ച് ചിന്തിച്ച് സമയം പാഴാക്കേണ്ടതില്ല.

അതേസമയം തട്ടിപ്പുകഥകൾ നമ്മുടെ നാട്ടിൽ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതിനേപ്പറ്റി നാം ചിന്തിക്കണം. പെട്ടെന്നു സമ്പത്തുണ്ടാക്കാനുള്ള ആർത്തിയും അവിഹിതമായി ഉണ്ടാക്കിയത് സംരക്ഷിക്കാനുള്ള വ്യഗ്രതയും കുറുക്കുവഴികളിലൂടെ കാര്യങ്ങൾ സാധിക്കാനുള്ള തന്ത്രവും കൂടിച്ചേരുമ്പോഴാണ് ഓരോ തട്ടിപ്പു കഥയും രൂപപ്പെടുന്നത്. അതോടൊപ്പംതന്നെ ആഡംബര വാഹനവും വസ്ത്രവും ആധുനിക സാങ്കേതിക വിദ്യകളുമൊക്കെ ഉപയോഗിക്കുന്നവരാരും തട്ടിപ്പുകാരാകില്ല എന്ന സാമാന്യ ചിന്തയും ഹൈടെക് കള്ളന്മാർക്ക് നല്ല അവസരമായി മാറുന്നു. കൂടാതെ, തന്നെ പൂട്ടാൻ സാധ്യതയുള്ള ഉദ്യോഗസ്ഥരെയും രാഷ്ട്രീയക്കാരെയും തന്റെ ഫോൺ ഉപയോഗിച്ച് ജാമാക്കി നിറുത്തിയിരിക്കുന്ന സരിത ഉപയോഗിച്ച ആയുധങ്ങളും ശേഷിയുള്ളവതന്നെ.

ഭൗതികനേട്ടങ്ങൾക്കും സുഖങ്ങൾക്കുംവേണ്ടി മൂല്യങ്ങൾ മറന്നുള്ള കളികൾക്കിറങ്ങി പുറപ്പെടുമ്പോഴാണ് ഇതുപോലുള്ള തട്ടിപ്പുകൾ കൂടുന്നതെങ്കിൽ കേരള ജനതയുടെ മൂല്യബോധത്തെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. പിടിക്കപ്പെടാതിരിക്കുന്നിടത്തോളം എന്തതിക്രമങ്ങൾ പ്രവർത്തിച്ചാലും സാരമില്ല എന്നു ചിന്തിക്കുന്നവരായി പലരും മാറുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമ്പത്തുണ്ടായാൽ എല്ലാം സുരക്ഷിതമായി എന്ന വ്യർത്ഥ ചിന്തയിൽ വളരാൻ സമൂഹത്തിന്റെ ചില കാഴ്ചപ്പാടുകളും കാരണമാകുന്നുണ്ട്. തങ്ങളുടെ അഴിമതികളെല്ലാം പണക്കെട്ടുകൾകൊണ്ട് മറച്ചുപിടിക്കാൻ സാധിക്കുമെന്ന് ദുരിതാശ്വാസനിധിയിലേക്കും പാർട്ടി ഫണ്ടിലേക്കും സംഭാവന സ്വീകരിച്ച് നന്ദി പറയുന്ന മന്ത്രിയും ദശാംശം സ്വീകരിച്ച് അഭിനന്ദിക്കുന്ന വികാരിയച്ചനും അവരെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന സത്യസന്ധതയും നീതിബോധവും കൈവിട്ടുപോയാൽ സാമൂഹിക ജീവിതത്തിനു തന്നെയാണ് അപചയം സംഭവിക്കുക.

ജീവിതം ധന്യമാകുന്നത് സമ്പത്തുകൊണ്ടല്ലെന്നും സത്യസന്ധതയും മൂല്യബോധവുമാണ് ഏറ്റവും വലിയ സമ്പത്തെന്നും ഓരോരുത്തർക്കും ബോധ്യപ്പെടേണ്ടിയിരിക്കുന്നു. കൈത്താക്കാലം വിളവെടുപ്പുകാലമെന്നാണല്ലോ അറിയപ്പെടുന്നത്. നല്ലതു വിതച്ച ശ്ലീഹന്മാരുടെ അദ്ധ്വാനത്തിന്റെ നല്ല ഫലങ്ങൾ കൊയ്യുന്ന കാലത്തിന്റെ ചൈതന്യം പൊതു സമൂഹത്തിലേക്കും പകരാൻ നമുക്കു സാധിക്കട്ടെ. നല്ലതു കൊയ്യാൻ നന്മമാത്രം വിതയ്ക്കുന്നവരായി നമുക്കു രൂപാന്തരപ്പെടാം.

ദൈവദാസൻ ബിഷപ്പ് വില്യം ജകചീന്താ
ജന്മശതാബ്ദിവർഷം: 1914-2014



# പുഞ്ചിരിയുടെ പ്രേഷിതൻ

**ഇ**ന്ന് എല്ലാ മനുഷ്യരും കൊതിക്കുന്ന ഒരു സത്യമുണ്ട്. ഉള്ളു തുറന്ന് ഒന്നു സന്തോഷിക്കുക. അതിനുവേണ്ടിയാണ് അവന്റെ കുന്നുകൂട്ടലുകളും തത്രപ്പാടുകളും അലച്ചിലുകളുമെല്ലാം. ചിരിക്കുവാനോ ചിരിപ്പിക്കുവാനോ കഴിയാതെ കൃത്രിമമായി എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു. ഫലമോ, ഉള്ള സന്തോഷംപോലും കൈമോശം വരുന്നു. എന്നാൽ ഇതാ ഇവിടെയൊരു പ്രേഷിതൻ, ദൈവദാസൻ ബിഷപ്പ് വില്യം ജകചീന്താ, തന്റെ ജീവിതാനുഭവങ്ങളിൽനിന്നും തറപ്പിച്ചുപറയുന്നു, “ജീവിതവിശുദ്ധി അവശ്യം സന്തോഷിക്കാനറിയാവുന്ന ഹൃദയങ്ങൾക്കേ കഴിയൂ” എന്ന്. അദ്ദേഹത്തിന്റെ ഓരോ ജീവിതകാലഘട്ടത്തിലും, ബാല-യൗവനകാലഘട്ടത്തിലും വൈദികനും മെത്രാനും ദൈവശാസ്ത്രജ്ഞനുമൊക്കെയായിരുന്നപ്പോഴും, ദൗത്യനിർവഹണങ്ങളിലെ സുഖങ്ങളിലും കുരിശുകളിലുമെല്ലാം നഷ്ടപ്പെട്ടുപോകാതെ അദ്ദേഹം കാത്തുസൂക്ഷിച്ച ഒരു പ്രധാന കാര്യം തന്റെ സുസ്മേരവദനവും മായാത്ത പുഞ്ചിരിയുമായിരുന്നു. അദ്ദേഹം പറയുന്നു: “നല്ല അന്തരീക്ഷം വിശുദ്ധിയുടെ അന്തരീക്ഷമാണ്. നിനക്കുചുറ്റും നല്ല അന്തരീക്ഷം സൃഷ്ടിക്കുന്നത് പുഞ്ചിരിയാകയാൽ കൂടുതൽ പുഞ്ചിരിക്കുക”.

യഥാർത്ഥവിശുദ്ധർ പുഞ്ചിരിക്കുന്ന ആത്മാക്കളാണ്. കാരണം അവരുടെ ആത്മാക്കൾ പരിപൂർണ്ണ സന്തോഷത്തിലാണ്. പുഞ്ചിരിയെന്നത് നന്മയുടെയും മനസ്സിലാക്കലിന്റെയും പ്രകാശനമാണ്. ഒരുപക്ഷേ നമുക്ക് നിരവധി കാര്യങ്ങൾ ചെയ്യുവാൻ അറിയില്ലായിരിക്കാം. എന്നാൽ പുഞ്ചിരിക്കുവാൻ എല്ലാവർക്കും സാധിക്കും. നമ്മുടെ സമയം നല്ലതാണെങ്കിലും അല്ലെങ്കിലും പുഞ്ചിരിക്കുക. എവിടെനിന്നാണ് ദൈവദാസൻ ജകചീന്താപിതാവിന് ഈ ഉൾക്കാഴ്ച ലഭിച്ചത്? കാൽവരിയിലെ സഹനച്ചിതയിൽ മാനവകുലത്തിനായി എരിയുന്ന ദിവ്യനാഥനിൽനിന്നുതന്നെ. തന്റെ സഹനവേളകളിൽ, ദൈവഹിതത്തിനായി കുരിശേറിയവന്റെ മുഖത്ത് മായാതെ നില്ക്കുന്ന സംതൃപ്തിയുടെ ഒരു ചിരി അദ്ദേഹത്തിന്റെ ഹൃദയത്തെ പിടിച്ചുകുലുക്കി.

*ചുറ്റും അന്ധകാരമായിരുന്നു. ഈശോയുടെ ശരീരം പ്രകാശമാനമായിരുന്നു. വേദനയാൽ നെടുവീർപ്പിടുന്ന മൃതപ്രായനായിരുന്നു അവിടുന്ന്. വേദനയോടെ അവനിൽനിന്നും ഒരു നെടുവീർപ്പുയർന്നു. “എന്റെ പിതാവേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?” അദൃശ്യമായ ഒരു പ്രകാശരശ്മി ഇരുട്ടിനെ ഭേദിച്ചുകൊണ്ട് ഈശോയുടെ ഹൃദയംവരെയെത്തി. അത് പിതാവിന്റെ സ്നേഹത്തിന്റെ മറുപടിയായിരുന്നു.*

*അവന്റെ ചുറ്റും ജീവൻ മുളയെടുത്തപ്പോൾ ഈശോയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. ... മറിയം അവനോടുകൂടെ അടുത്തുനില്ക്കുന്നു. അവിടുന്നു പതുക്കെ മുഖം തിരിച്ച് അവളെ നോക്കി പുഞ്ചിരിച്ചുകൊണ്ട് “അമ്മേ, ഇതാ നിന്റെ മകൻ” എന്നുപറഞ്ഞു. അതുപോലെതന്നെ, യോഹന്നാനെ നോക്കി പുഞ്ചിരിതൂകിക്കൊണ്ട് “ഇതാ നിന്റെ അമ്മ” എന്നും ഉരുവിടുന്നു.*

*അതിനുശേഷം നിത്യപ്രകാശത്താൽ അവന്റെ നോട്ടം പ്രകാശിതമായി. ശക്തമായ ഒരു ആർത്തനാദം പുറപ്പെട്ടു. അവനു ചുറ്റും എണ്ണമറ്റ മനുഷ്യർ പ്രത്യക്ഷപ്പെട്ടു. അവരിൽ സ്നേഹത്തിന്റെ അരൂപിയെ വർഷിച്ചു. വീണ്ടും പുഞ്ചിരിച്ചു... അവൻ തലചായ്ചു മരിച്ചു.*

നമുക്കു പ്രാർത്ഥിക്കാം: കാൽവരിയിലെ പുഞ്ചിരിക്കുന്നവനായ ഈശോയെ, സന്തോഷത്തിലും ദുഃഖത്തിലും, മിത്രങ്ങളോടും ശത്രുക്കളോടും നിസ്സംഗരായവരോടും എപ്പോഴും പുഞ്ചിരിക്കുവാൻ സാധിക്കുന്നതിനുള്ള കൃപ ഞങ്ങൾ അങ്ങയോടു യാചിക്കുന്നു.

ദൈവദാസനായ വില്യം ജകചീന്താപിതാവേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**ജെനി കഴുന്നടിയിൽ**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

For private circulation only

സുവിശേഷത്തിനു സാക്ഷികളാ
കാൻ ഞങ്ങളെ വിളിച്ച കർത്താവേ,
സഭയോടുചേർന്ന് ഏകമനസ്സായി
പ്രേഷിതവേല ചെയ്യുവാൻ
ഞങ്ങളെ സഹായിക്കണമേ.
വിശുദ്ധിയോടും തീക്ഷ്ണതയോ
ടുംകൂടി സഭയിൽ ശുശ്രൂഷ ചെയ്യു
വാനും നിന്നെ മഹത്ത്വപ്പെടുത്തു
വാനും പ്രേഷിതരംഗങ്ങളിൽ
സേവനമനുഷ്ഠിക്കുന്ന എല്ലാവ
രെയും അനുഗ്രഹിക്കണമേ.
വിശ്വാസത്തിലും പ്രാർത്ഥനയിലും
അധിഷ്ഠിതമായ ജീവിതം നയിച്ച്
സഭയെ സമ്പന്നയാക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.
(സീറോ മലബാർ കുർബാനക്രമത്തിൽനിന്ന്)



പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്